# സന്യാസിനികളുടെ വ്രതവാഗ്ദാനം

(മലങ്കരക്രമം)



1980

00096766

Dharmaram College Library
Acc. No. 56762
Call No.

# സന്യാസിനികളുടെ

# വ്രതവാഗ്ദാനം

(മലങ്കര ക്രമം)

DHARMARAM COLLEGE
LIBRARY
BANGALORE-29

Sr. Vimala D.M.

1980

15/5/81

St. Joseph's Printing House, Tiruvalla.

Sr. Rengillie Mookkattil D.M.

Dharmaram College Library
Acc. No. 56766
Call. No. F98/S.A.58

*Imprimatur*

Most Rev. Benedict + Mar Gregorios
Archbishop of Trivandrum

TRIVANDRUM
1-12-'80

# ഉള്ളടക്കം


പേജ്

അർത്ഥിനിയെ നവശിഷ്യയായി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ 1

ആദ്യവ്രതം ചെയ്യുമ്പോഴുള്ള സ്വീകരണ ശുശ്രൂഷ 13

വ്രതവാഗ്ദാനം 23

# അർത്ഥിനിയെ നവശിഷ്യയായി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

വിശുദ്ധിയേയും വിശുദ്ധരേയും സ്നേഹിക്കുന്നവനും പുണ്യവാന്മാരിൽ സംപ്രീതനും സകലത്തിലും അതിവിശുദ്ധനുമായ ദൈവമേ, നിൻെറ വിശുദ്ധിക്കായി വേർതിരിയ്ക്കപ്പെട്ട് അടുത്തുവന്നിട്ടുള്ള നിൻെറ ഈ ദാസിയെ കൈക്കൊള്ളേണമെ, സന്യാസപരമായ ജീവിതത്തിനുള്ള കൃപാവരങ്ങൾ ഇവൾക്കു നല്കേണമെ. സന്യാസജീവിതത്തിന് വേണ്ടതായ ഏകാഗ്രബുദ്ധി നൽകി, നിഷ്ക്കപടമായ സന്യാസജീവിതത്തിലേയ്ക്കു ഇവളെ പ്രവേശിപ്പിക്കേണമെ. ഉത്തമ നടപടികളാൽ, അതേ സത്പ്രവർത്തികളാൽത്തന്നെ നിൻെറ ദൈവത്വത്തിന് സമീപസ്ഥയായിരിപ്പാൻ ഇവൾക്ക് കൃപ നല്കണമെ. നിൻെറ പരിശുദ്ധമായ സമാഗമകൂടാരത്തിൽ സേവനം ചെയ്ത് പാർക്കുന്നതിന് എപ്രകാരം ശ്മൂയേൽ യോഗ്യനായി അംഗീകരിക്കപ്പെട്ടുവോ, അപ്രകാരം തന്നെ ഹൃദയപരമാർത്ഥതയോടും വിശുദ്ധിയോടും കൂടെ ഇവളും നിൻെറ തിരുമുമ്പാകെ നിരന്തരം സേവനം ചെയ്തുകൊണ്ടു പാർക്കുവാൻ ആശീർവ്വദിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിൻെറ പ്രാഭവമുള്ള വന്ദ്യതിരുനാമത്തിന് ഇവൾ മുഖാന്തിരം മഹത്വമുണ്ടാകുമാറാകണമെ.

### 51–ാം മസുമൂറാ

ദൈവമെ നിൻെറ കൃപയിൻപ്രകാരം .... ....,

ഹൂസോയോ ഹവീലീ

കരുണാനിധിയാം
1. ദേവാ നീ പുണ്യമെനിക്കേകീ-ടണമെ
ധൂർത്തൻ സമമെന്നെ കൈക്കൊള്ളാൻ
കൃപ-ചെയ്യേണമെ.

2. അനുതാപിക്കായ്
വാതിൽ തുറന്നീടുന്നവനാം കരുണാ-ലയനേ ...
കൃപചെയ്യണമെന്മേൽ ഋണപാപങ്ങൾ
മോചിച്ചീ - ടേണം

3. കരുണാലയനേ
ബഹുലമതാം കൃപയുള്ള പനേ – ദേവാ
കൃപചെയ്യണമെയെൻ ഋണമെല്ലാം പുണ്യമതാക്കീ–
ടേണം.

4. കരുണാനിധിയേ
വ്യഥയൊടുകണ്ണീരാൻനിന്നൊടുപ്രാർത്ഥി-ക്കുന്നു
ചുങ്കക്കാരൻ പാപിനിയിവരെപ്പോൽ
. പുണ്യമതാക്കീട–ണമെന്നെ.

5. ചെയ്തേൻ പിഴ ഞാൻ
ദേവാ അങ്ങെ കോപിപ്പിച്ചതിനാൽ യാചി–ക്കുന്നു.
ചോരൻ പോലെന്നെ കൈക്കൊണ്ടെന്മേൽ
കൃപചെ - യ്യേണം.

6. കരുണാലയനേ
ദുഷ്ടതനിറയും ലോകമിതിൽ
ഞാൻ ചെയ്തോരന്യാ–യത്തിൽ
നിന്നും വീണ്ടെന്നെപ്പാപവികാരങ്ങളിൽനിന്നും
രക്ഷിക്കേണം.

(അല്ലെങ്കിൽ)

1. കരുണ വളരെയുള്ള ദൈവം നീമാത്രം ആകയാൽ നീ തന്നെ എനിക്കു നീതികരണം ആയിരിക്കണമെ. ധൂർത്തനായ പുത്രനെപ്പോലെ എന്നെ കൈക്കൊണ്ടു എന്നോട് കരുണയുണ്ടാകേണമെ.

2. അനുതാപികൾക്കായ് തന്റെ വാതിൽ തുറക്കുന്ന കാരുണ്യവാനേ! നിന്റെ കൃപയാൽ എന്നോടു കരുണയുണ്ടാകണമെ. എന്റെ കടങ്ങളും പാപങ്ങളും പരിഹരിച്ച് എന്നോട് കരുണ ചെയ്യണമെ.

3. കാരുണ്യവാനും അനുഗ്രഹങ്ങൾ വളരെ ഉള്ളവനുമായ ദൈവമേ! നിന്റെ വാതില്ക്കൽ ഞാൻ മുട്ടുന്നു. കർത്താവേ എന്നോട് കരുണ ചെയ്ത് നിന്റെ കരുണയാൽ എന്റെ കടങ്ങളെ പുണ്യമാക്കി എന്നോട് കരുണ ചെയ്യണമെ.

4. മനസ്സലിവുള്ളവനേ, കണ്ണുനീരോടെ ഞാൻ നിലവിളിച്ചു നിന്നോട് പ്രാർത്ഥിക്കുന്നു. ചുങ്കക്കാരനേയും പാപിനിയായ സ്ത്രീയേയും നീതികരിച്ചപ്രകാരം എന്നേയും നീതികരിക്കണമെ.

5. ദൈവമേ, ഞാൻ പാപം ചെയ്ത് നിന്നെ കോപിപ്പിച്ചതിനാൽ അപേക്ഷമൂലം ഞാൻ നിന്നെ നിരപ്പാക്കുന്നു. നിന്നിൽ വിശ്വസിച്ച കള്ളനെ കൈക്കൊണ്ടപ്രകാരം എന്നെയും കൈക്കൊണ്ട് എന്നോടു കരുണ ചെയ്യണമെ.

6. കാരുണ്യവാനേ! ദുഷ്ടതനിറഞ്ഞ ഈ ലോകത്തിൽ വച്ചു ഞാൻ പ്രവർത്തിച്ചിട്ടുള്ള അന്യായത്തിൽ നിന്ന് നീ എന്നെ വെടിപ്പാക്കുകയും, പാപത്തിന്റെ സകല വികാരങ്ങളിൽനിന്ന് എന്നെ രക്ഷിച്ച് എന്നോട് കരുണചെയ്യുകയും ചെയ്യണമെ.

## പ്രുമിയോൻ

പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും കല്പനലംഘനങ്ങൾക്കു പരിഹാരം നല്കുന്നവനും ചുങ്കക്കാരെ നീതികരിക്കുന്നവനും മലിനരെ നിർമ്മലീകരിക്കുന്നവനും കരുണാസമുദ്രവും മനസ്സലിവിന്റെ ഉറവയും അധർമ്മങ്ങളാൽ അശുദ്ധരായിത്തീർന്ന എല്ലാവരേയും ധവളീകരിക്കുന്നവനുമായ കർത്താവേ, അരിഷ്ടനായ എനിക്കും ആനന്ദപ്രദമായ സന്യാസജീവിതത്തിനു വന്നിട്ടുള്ള ഈ

നിൻെറ ദാസിക്കും നിൻെറ കരുണയാൽ പാപപരിഹാരം കല്പിച്ചു അയയ്ക്കണമെ. ഇവറം നിന്നാൽ പുണ്യപ്പെടുമാറാകണമെ. ഇവറം നിന്നാൽ നിർമ്മലീകരിക്കപ്പെടുമാറാകണമെ. ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും കാലങ്ങളിലും ആയുഷ്ക്കാലം മുഴുവനും ഇവറം നിൻെറ പിതാവിനോടും പരിശുദ്ധറൂഹായോടുംകൂടി നിനക്കു മഹത്വവും കൃതജ്ഞതയും അർപ്പിക്കുമാറാകണമെ.

## സെദറാ

ദൈവമായ കർത്താവേ, നീ ഞങ്ങളുടെ രക്ഷിതാവും ഞങ്ങറംക്ക് നന്മ ചെയ്യുന്നവനുമാകുന്നു. സകല മനുഷ്യരും ജീവിക്കണമെന്നും യഥാർത്ഥജ്ഞാനത്തിൽ വന്നെത്തണമെന്നും നീ ആഗ്രഹിക്കുന്നു. ഇപ്പോറം നിൻെറ തിരുമുമ്പാകെയും നിൻെറ ദൈവത്വത്തിൻെറ ത്രോണോസിൻെറ മുമ്പാകെയും ശിരസ്സ് കുനിച്ചു നില്ക്കുന്ന ദാസിയെ കൈക്കൊള്ളണമെ. സമൃദ്ധിയുള്ളതും സമാധാന പൂർണ്ണവുമായ ആശീർവ്വാദം നല്കി ഇവളെ അനുഗ്രഹിക്കണമെ. നിൻെറ പരിശുദ്ധ റൂഹായുടെ ദാനം ഇവളിൽ ആവസിക്കുമാറാകണമെ. നിൻെറ ശക്തിയാൽ സുകൃതപരമായ സന്യാസവസ്ത്രം ധരിപ്പിച്ച് ഇവളെ ഒരുക്കണമെ ആകൽക്കറുസായുടെ ജ്വലിക്കുന്ന അസ്ത്രങ്ങറംക്കെതിരായി നിൻെറ ഭാഗത്തു നില്ക്കുന്നതിന് ഇവളെ ശക്തിപ്പെടുത്തണമെ. പരിശുദ്ധമായ നിഷ്ഠാജീവിതത്തിനെതിരായുള്ള സർപ്പങ്ങളേയും തേളുകളെയും ചവിട്ടുവാൻ ശക്തിയുണ്ടായിരിക്കത്തക്കവണ്ണം സമാധാന സുവിശേഷത്തിൻെറ ഒരുക്കം ഇവളുടെ പാദങ്ങറംക്ക് ചെരുപ്പായി നല്കണമെ. ശത്രുവിൻെറ സകല ശക്തികളേയും ഇവറം കീഴ്പ്പെടുത്തുമാറാകേണമെ. സന്യാസപരമായ സുകൃത നടപടികറംകൊണ്ട് ഇവളെ അലങ്കരിക്കണമെ. യഥാർത്ഥ വിശ്വാസമാകുന്ന അടിസ്ഥാനപാറമേൽ ഇവളുടെ അന്തരംഗത്തേ ഉറപ്പിക്കണമെ. തികഞ്ഞതും പരിപൂർണ്ണവുമായ സ്നേഹത്തിന്മേൽ ഇവളുടെ ജീവിതത്തെ സ്ഥാപിക്കണമെ. സകല പാപ

മാലിന്യങ്ങളിൽനിന്നും ഇവളുടെ ആത്മാവിനെ ശുദ്ധീകരിക്കണമെ. ഭൌമീകമായ സകല മാലിന്യങ്ങളിൽ നിന്നും ഇവളുടെ ശരീരത്തെ വെടിപ്പാക്കണമെ. ദൈവമായ കർത്താവേ, ക്ഷമാശീലവും പൂർണ്ണതയും നിൻെറ കല്പനകൾക്കു ഉത്തമമായ അനുസരണവും സുകൃതങ്ങൾ പാലിക്കുന്നതിൽ ശ്ളാഘനീയമായ അത്യുത്സാഹവും ഇവൾക്കു പ്രദാനം ചെയ്യണമെ. ജീവദായകമായ നിൻെറ കല്പനകൾ—അതേ സന്യാസപരമായ ജീവിതത്തെ ഭരിക്കുന്നതായ വിശുദ്ധ നിയമങ്ങൾ—ശരിയാംവണ്ണം ആചരിപ്പാനുള്ള ശക്തി ഇവൾക്ക് നല്കി അതിന് കഴിവുള്ളവളാക്കണമെ. പൈശാചികമായ അസൂയാശീലം, ശത്രുത എന്നിവയും, വഞ്ചനയും, ഏഷണിയും, സുഖപ്രിയവും, ധനമോഹവും മുഴുവനായി ഇവളിൽ നിന്ന് ദൂരത്താക്കണമെ. അക്ഷയമായ സഹായങ്ങൾ ഇവൾക്കു നല്കണമെ. സുകൃതങ്ങളും പുണ്യപ്രവർത്തികളുമായ ഫലങ്ങൾ നിനക്കായി കായ്ക്കുന്ന ഉത്തമ വൃക്ഷമായി നിൻെറ തോട്ടത്തിൽ ഇവളെ വളർത്തിക്കൊള്ളണമെ. സ്വർഗ്ഗീയ മണവാളാ, നീ എഴുന്നള്ളി വരുമ്പോൾ ഇവൾ നിൻെറ തിരുമുമ്പാകെ കത്തുന്ന വിളക്കു വഹിച്ചിരിക്കുന്നവളായി വന്ന് നിന്നെ എതിരേല്പ്പാൻ എപ്പോഴും ഇവൾക്കു സംഗതിയാകേണമെ. പുണ്യപ്രവർത്തികളാകുന്ന വെളിച്ചം ഇവളുടെ വിളക്കിൽനിന്നും പുറപ്പെടുമാറാകേണമെ. അങ്ങനെ ഇവൾ ബുദ്ധിയുള്ള കന്യകമാരോട് ഒരുമിച്ച് നിൻെറ സ്വർഗ്ഗീയ മണവറയിൽ പ്രവേശിക്കുമാറാകണമെ. കിരീടങ്ങളാകുന്ന നൽവരങ്ങളാൽ ഇവൾ പ്രകാശിക്കുമാറാകണമെ. നിൻെറ വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ശ്രേഷ്ഠമായ അന്തസ്സിന് ഇവൾ യോഗ്യതയുള്ളവളായിത്തീരണമെ. കർത്താവേശുമിശിഹാ! നിനക്കും നീ മുഖാന്തിരം നിന്നോടുകൂടെയും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും കൃതജ്ഞതയാകുന്ന വെടിപ്പുള്ള ഫലങ്ങളെ സ്തോത്രമായും തിരുമുൽക്കാഴ്ചയായും സമർപ്പിക്കുന്നതിന് ഞങ്ങളെയും ഇവളെയും യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ.

( ദഹത്തോ ലോ നെഹത്തേ – എ. മ,)

ലോകം വീക്ഷിച്ചേൻ കെണികറം പിഴകളതാൽ
നിറഞ്ഞു കലങ്ങിമറിഞ്ഞതു കണ്ടൂഞ്ഞാ–നും
മിശിഹാ നാഥാ നിൻ അജഗണമതിലെന്നെ
ചേർത്തീടണമേ നീ എന്നായുഷ്ക്കാലം – ഹാ – ഹാ–
ള്ളണവാരിധിയിന്നും കോരിയെടുക്കെ–ന്നെ.

പതിനൊന്നാം മണിയിൽ മുന്തിരിവയലിൽ ഞാൻ
പണിചെയ്തു നാഥാ, കരുണാലയനേ – നീ
നിൻ മുന്തിരിവയലിൽ വിളിചെയ്തെന്നേയും
ജോലിക്കാരൊപ്പം പ്രതിഫലമേകേണം– ഹാ– ഹാ-
ദയവാനേ നീയെൻ ആശ്വാസദാ-യകൻ

ബാറെക്മോർ

ശുബഹോ .... ....

അന്യർ തൻ ഭവനേ ദിനമായിരമതിലും
നിൻ ഭവനേ നാഥാ ഏകദിനം കാമ്യം-
പരിശുദ്ധാത്മാവാൽ ഈശായീസുതനാം-
ദാവിദുപാടിയഹോ നിൻെറ സുഗന്ധത്തിൽ ഹാ—ഹാ—
മായിച്ചെൻ കറകറം വെണ്മയതാക്കെ–ന്നെ

മെന്ഓലം .... ....

കന്യകമാർ പത്തും ദീപേഷ്ടികളോടെ
മണവാളൻ തന്നുടെ എതിരേല്പിനു പോയാർ
ജ്ഞാനികളവരഞ്ചും എണ്ണെയെടുത്തെന്നാൽ
ഭോഷികളായവരോ കരുതിയതില്ലെണ്ണഹാ - ഹാ–
ജ്ഞാനികറം മണവറയുറം പൂകി സ്തുതിപാ-ടി.

(മൊറിയോ റാഹേം .... ....)

( അല്ലെങ്കിൽ )

1. ഞാൻ ഈ ലോകത്തിൽ സൂക്ഷിച്ചു നോക്കിയാറെ അതു സകലവിധ കെണികളും പിഴകളുംകൊണ്ട് പ്രക്ഷുബ്ധമായിരിക്കുന്നതുകണ്ടു. തൻെറ തൊഴുത്തിലേക്കു എന്നെ പ്രവേശിപ്പിക്കുവാനും തൻെറ

ആട്ടിൻ കൂട്ടത്തിൽ എന്നെ ചേർത്തുകൊള്ളുവാനുമായിട്ട് എന്റെ ആയുസ്സിനെ മിശിഹാതമ്പുരാനു ഞാൻ ഭരമേല്പിച്ചിരിക്കുന്നു. എന്റെ കർത്താവേ, കടങ്ങളുടെ ആഗാധത്തിൽനിന്നും എന്റെ ജീവനെ കോരിയെടുക്കണമെ.

2. പതിനൊന്നാം മണിസമയത്ത് ലോകമാകുന്ന മുന്തിരിത്തോട്ടത്തിൽ ഞാൻ വേല ചെയ്തു. കർത്താവേ, എന്നോട് ദയതോന്നി എന്നെ ആശ്വസിപ്പിക്കുവാനായിട്ട് നിന്റെ മുന്തിരിത്തോട്ടത്തിലേക്കു പ്രവേശിക്കുന്നതിന് എന്നെ വിളിച്ചതിനാൽ നിന്റെ വേലക്കാരോടുകൂടെ എനിക്കും കൂലി തരണമെ.

3. അന്യഭവനത്തിൽ ആയിരം ദിവസങ്ങളേക്കാൾ നിന്റെ വാസസ്ഥലത്ത് ഒരു ദിവസം താമസിക്കുന്നത് എത്രയോ നല്ലതാകുന്നുവെന്ന് ഈശായിയുടെ പുത്രനായ ദാവീദ് മുഖാന്തിരം പരിശുദ്ധറൂഹാ പാടി. ആനന്ദകരമായ നിന്റെ വാസനയാൽ ഞങ്ങളുടെ കറകളെ വെണ്മയാക്കുകയും നിന്റെ വിശുദ്ധ സോപ്പാകൊണ്ട് ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യണമെ.

4. പത്തു കന്യകമാർ ദീപയഷ്ടികളെ പിടിച്ചുകൊണ്ട് മണവാളന്റെ എതിരേല്പിനു പുറപ്പെട്ടു. അതിൽ അഞ്ചുപേർ ഉറങ്ങിപ്പോയതിനാലും എണ്ണ കുറവായതിനാലും അവരുടെ ദീപയഷ്ടികൾ കെട്ടുപോയി. അഞ്ചുപേർ തന്നോടുകൂടി മണവറയിലേക്കു പ്രവേശിച്ച് സ്തുതി പാടുന്നു. തങ്ങളുടെ ദീപയഷ്ടികളിൽ എണ്ണയെ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

വായനകൾ:— നടപടിപുസ്തകം 8: 36–43

1 തിമോത്തി 6: 6–17

ഏവൻ ഗേലിയോൻ:—

വി. യോഹന്നാൻ 15: 5–14

അർത്ഥിനിയോടുള്ള ചോദ്യോത്തരങ്ങൾ

മേല്പട്ടക്കാരൻ:— മകളേ, നിന്റെ ഹൃദയത്തിന്റെ ചെവി തുറന്ന് കർത്താവിന്റെ തിരുശബ്ദം സൂക്ഷിച്ചുകേൾക്കുക.

"ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ."

(വി. മത്തായി. 16:24)

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ സംതൃപ്തരാക്കപ്പെടും."

(വി. മത്തായി 5:6)

"നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക." "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക".

(വി. മത്തായി 22:37–39)

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ"

(വി. മത്തായി 5:48)

"രണ്ട് ജയമാനന്മാരെ സേവിക്കുവാൻ ആർക്കും സാധിക്കുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കയും അപരനെ സ്നേഹിക്കയും ചെയ്യും. അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കയും ചെയ്യും. ദൈവത്തേയും മാമോനേയും സേവിപ്പാൻ നിങ്ങൾക്കു സാധിക്കുകയില്ല".

(വി. മത്തായി 6:24)

എന്നിപ്രകാരം നമ്മുടെ കർത്താവ് അരുളി ചെയ്തിരിക്കുന്നു. അതിനാൽ നിന്നോട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഭയഭക്തിയോടെ ദൈവമുമ്പാകെ സത്യമായി ഉത്തരം പറയണം.

മേല്പട്ടക്കാരൻ:- മകളേ, നീ എന്തിനായിവന്നിരിക്കുന്നു.?

അർത്ഥിനി:— (ബഥനിമഠത്തിൽ) നവശിഷ്യയായി പരിശീലനം പ്രാപിപ്പാൻ ആഗ്രഹിച്ച് ഞാൻ വന്നിരിക്കുന്നു.

മേല്പ:—നിൻെറ സ്വന്തമനസ്സോടും സമ്മതത്തോടും കൂടെ യാണോ ഇതിനായി നീ വന്നിരിക്കുന്നത്?

അർത്ഥിനി;— ദൈവസഹായത്താൽ ഞാൻ അങ്ങനെ യാണ് വന്നിരിക്കുന്നത്.

മേല്പ:- നമ്മുടെ കർത്താവിനെ നിഷ്ക്കളങ്കമായി സ്നേഹിക്കുകയും സേവിച്ചു മഹത്വപ്പെടുത്തുകയും ചെയ്യണമെന്നുള്ള പരിശുദ്ധമായ ഉദ്ദേശത്തോടുകൂടിയാണോ നീ നവശിഷ്യ പദം ആഗ്രഹിക്കുന്നത്?

അർത്ഥിനി:— എന്നെ സ്നേഹിക്കുന്ന രക്ഷിതാവിനെ സ്നേഹിച്ച് മഹത്വപ്പെടുത്തണമെന്നുള്ള ഏക ഉദ്ദേശമാണ് ദൈവം എനിക്കു തന്നിട്ടുള്ളത്. അവിടുത്തെ തിരുനാമം മഹത്വപ്പെടട്ടെ.

മേല്പട്ടക്കാരൻ:— നവശിഷ്യയായി (ബഥനിമഠത്തിൽ) താഴ്മയിലും അനുസരത്തിലും സന്യാസ പരിശീലനം സമ്പാദിക്കുന്നതിന് മനഃസ്സോടെ ശ്രമിച്ചുകൊള്ളാമെന്ന് നീ ഉറച്ചിട്ടുണ്ടോ?

അർത്ഥിനി:— ദൈവ സഹായത്താൽ ഞാൻ അങ്ങനെ ഉറച്ചിരിക്കുന്നു. ദൈവം ഇത് നിറവേററിത്തരാൻ വന്ദ്യ പിതാവുംസമൂഹാംഗങ്ങളും പ്രാർത്ഥിക്കണമെന്ന് താഴ്മയായി ഞാൻ അപേക്ഷിക്കുന്നു.

തദനന്തരം മുദ്രകുത്തുന്നു.

[illegible]
[illegible]
[illegible]
[illegible]

ദൈവത്തിൻെറ പരിശുദ്ധമായ ആലയിൽ നീ അവകാശിനിയായിരിക്കുവാൻ പിതാവിൻെറയും പുത്രൻെറയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവന്നായി (പേരു്) മുദ്രകുത്തപ്പെടുന്നു.

വെയിൽ വാഴ്ത്തി കൊടുക്കുന്നു.

---

ܢܬܒܪܟ ܠܒܘܫܐ ܗܢܐ ܕܐܣܟܝܡܐ
ܕܢܘܟܪܝܘܬܐ. ܒܫܡܘܗܝ. ܒܫܡܐ ܕܐܒܐ. ܐܡܝܢ.
ܘܕܒܪܐ. ܐܡܝܢ. ܘܕܪܘܚܐ ܚܝܐ ܩܕܝܫܐ ܠܥܠܡ
ܥܠܡܝܢ: ܐܡܝܢ.

കഴുത്തിൽ ധരിക്കുന്ന കുരിശു വാഴ്ത്തുമ്പോൾ

"എന്റെ നുകം ലഘുവും എന്റെ ചുമട് ആനന്ദകരവും ആകുന്നു" എന്ന് അരുളിചെയ്തിട്ടുള്ള കർത്താവിന്റെ തിരുവിഷ്ടത്തെ എല്ലാ കാര്യങ്ങളിലും സദാ സ്നേഹത്തോടും സ്വയത്യാഗത്തോടും കൂടി അനുസരിപ്പാനായി അനുസരണത്തിന്റെ ചിഹ്നമായ ഈ കുരിശിനെ നുകമായി കഴുത്തിൽ ധരിച്ചുകൊള്ളുക.

കഴുത്തിൽ കുരിശു ധരിപ്പിക്കുമ്പോൾ

സന്യാസ ജീവിതത്തിന്റെയും പ്രത്യേകിച്ച് അനുസരണത്തിന്റെയും ചിഹ്നമായി ഈ കുരിശിനെ നിന്റെ കഴുത്തിൽ ധരിച്ചുകൊള്ളുക. ദൈവപുത്രന്റെ സ്ളീബാ നിനക്കു കാവലായിരിക്കട്ടെ. ദൈവപുത്രന്റെ സ്ളീബാ പൈശാചിക ശക്തികളോട് യുദ്ധം ചെയ്യുവാൻ നിനക്കു തോററു പോകാത്ത ആയുധം ആയിരിക്കട്ടെ. ശത്രുവിന്റെ ശക്തിയേയും മത്സരബുദ്ധികളായ ആത്മാക്കളേയും ജയിക്കുവാൻ നിന്നെ ശക്തിപ്പെടുത്തുന്ന ആയുധമായി ദൈവ പുത്രന്റെ സ്ളീബാ നിനക്കായിരിക്കട്ടെ.

വിശുദ്ധ നിയമപ്പുസ്തകം വാഴ്ത്തിക്കൊടുക്കുന്നു.

(തദനന്തരം നവ ശിഷ്യയെ നവശിഷ്യ മിസ്ട്രസ്സിനെ ഭരമേല്പിക്കുന്നു.)

## ഹൂത്തോമ്മോ

ദൈവമായ കർത്താവെ, കാരുണ്യവാനായ നിന്നോടു ഞങ്ങരം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. നിൻെറ ഈ ദാസി തിരുമുമ്പാകെ ചെയ്തിട്ടുള്ള പ്രതിജ്ഞയെ മാലിന്യമേശാതെ പാലിക്കുവാൻ നീ സഹായിക്കണമെ. ലോത്തിൻെറ ഭാര്യയെപ്പോലെ പുറകോട്ടു തിരിയുവാൻ ഇടയാകാതെ ഇവളെ നീ കാത്തു കൊള്ളണമെ. ഇവരം നിന്നിൽ മാത്രം ജീവിക്കുകയും ഇവളുടെ ദൃഷ്ടി നിന്നിൽ മാത്രം പതിക്കുകയും ചെയ്യുമാറാകണമെ. ലജ്ജകൂടാതെ നിൻെറ സവിധത്തിൽ നില്ക്കുവാൻ തക്കവണ്ണം ഇവളെ കാത്തുകൊള്ളണമെ. സ്വർഗ്ഗീയ ഭാഗ്യങ്ങരംക്കും ശാശ്വതമായ സൌഭാഗ്യങ്ങരംക്കും അക്ഷയമായ മണവറയ്ക്കും ഇവളെ യോഗ്യയാക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ നിൻെറ ഏക പുത്രൻെറ കരുണയാലും മനുഷ്യസ്നേഹത്താലും തന്നെ. അവനോടുകൂടെ നിനക്കും പരിശുദ്ധ റൂഹായ്ക്കും മഹത്വവും സ്തോത്രവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

****

## ആദ്യവ്രതം ചെയ്യുമ്പോഠം ഉള്ള സ്വീകരണശുശ്രൂഷ.

പ്രതിഷ്ഠയുടെ തലേദിവസം ഉച്ചയ്ക്കോ ഒൻപതുമണിയ്ക്കോ, സന്ധ്യയ്ക്കോ ഉള്ള നമസ്ക്കാരത്തോടുകൂടി ഈ ശുശ്രൂഷനടത്തുന്നു. പള്ളിയുടെ പടിഞ്ഞാറേ വാതിഠക്കൽ—വാതിൽ അടച്ചിരിക്കെ—നവശിഷ്യകഠം പുറത്തു കിഴക്കോട്ട് ദർശനമായി നില്ക്കുന്നു. മേല്പട്ടക്കാരൻ ആ വാതിൽക്കൽ— പള്ളിയകത്ത്- പടിഞ്ഞാറോട്ട് ദർശനമായി നില്ക്കുന്നു. മററുള്ളവരെല്ലാം പുറത്തു നില്ക്കുന്നു.

## ഒന്നാം ശുശ്രൂഷ

പുറത്തു നില്ക്കുന്നവർ ഒരു കൌമ നമസ്ക്കരിക്കുന്നു. നവശിഷ്യകഠം രണ്ടു ഗണമായി താഴെകൊടുത്തിരിക്കുന്ന പ്രാത്ഥനചൊല്ലുന്നു.

1. കരുണാപൂർണ്ണനായ കർത്താവെ, പാപിനിയായ സ്ത്രീക്കു നീ തുറന്നു കൊടുത്തതുപോലെ നിൻെറ വാതിൽ എനിക്കു തുറന്നു തരണമെ.

2. തിരുമുമ്പാകെ ഞാൻ അർപ്പിക്കുന്ന കണ്ണുനീര് നീ കൈക്കൊണ്ട് പാപിനിക്കെന്നതുപോലെ എനിക്കും പാപപരിഹാരം നൽകണമെ.

3. ജീവജലം നിനക്കുണ്ടല്ലോ. അവിടെവച്ച് — മരണാനന്തരം — ഞാൻ അബ്രഹാമിൻെറ അടുക്കൽനിന്നും വെള്ളം ചോദിപ്പാൻ എനിക്കു ഇടവരാതിരിക്കുന്നതിനുവേണ്ടി ഒരു വഴികാട്ടിയെ - ഈ വന്ദ്യപിതാവിനെത്തന്നെ —നിൻെറ കൃപയാൽ നീ എനിക്കു തന്നിരിക്കുന്നുവല്ലോ. എന്തുകൊണ്ടെന്നാൽ ലാസറിൻെറ വിരൽകൊണ്ടു വെള്ളം തരുവിക്കണമെന്ന് ധനവാൻ അബ്രഹാമിനോട് അപക്ഷേിച്ചതായി നീ അരുളിച്ചെയ്തിട്ടുള്ള ഉപമയിൽ ഞാൻ അറിയുന്നു.

കോലോ

1. നാഥാ നിൻകതകിൽ മുട്ടി കൃപയാചിക്കും
പഴകിയ പാപിയിവൻ;
നിന്നുടെ വഴിയിൽനിന്നും ഞാൻ തെററിപ്പോയി
തെററുകളേററു പറഞ്ഞിനിമേൽ
ജീവിപ്പാനായ് – നിൻ കൃപയേകണമെ.

2. നിൻ കരുണാ വാതിലിലല്ലാതിനിയെവിടെപ്പോയ്
മുട്ടീടും ഞങ്ങൾ
രാജാക്കളുമടി പണിയുന്നൊരു രാജാധീശാ!
നിൻ കരുണയതല്ലാതില്ലീ ദോഷികൾ പേർക്കായ്
മാദ്ധ്യസ്ഥം ചെയ്‌വാൻ

3. പിതൃസുത പരിശുദ്ധാത്മാവേ നീ
അഭയമിവർക്കുന്നത ദുർഗ്ഗമതും;
ശിഷ്ടരെ ദുഷ്ടരിൽനിന്നും നീ വേറാക്കുമ്പോൾ
സാത്താൻ സൈന്യമതിന്നിവരെ
കൃപയിൽ ചിറകാൽ - സംരക്ഷിക്കണമെ.

4. ഇവർ യാചനയിൽ നാഥം നിൻ സ്വർഗ്ഗകവാടം
തുറന്നീടും താക്കോൽ
ദൂതവരേണ്യർ നിരകളിൽ നിന്നുൽഘോഷിക്കും
മണ്മയർ ശബ്ദമഹോ മധുരം നാഥന വർക്കായ്
ഉത്തരമരുളുന്നു.

കോലോ

1. കർത്താവേ! ജീവൻെറ വഴി വിട്ട് മായകളുടെ പി
ന്നാലെ ഓടി നശിച്ചുപോയ പള്ളാട് ഞാനാകു
ന്നു. നല്ല ഇടയാ, നീ വന്ന് എന്നെ അന്വേഷി
ക്കണമെ. ഞാൻ അശേഷം നശിച്ചു പോകുവാൻ
എൻെറ കൈവിട്ടുകളയരുതെ. എന്നാലോ ചുങ്ക
ക്കാരനോടും പാപിനിയായ സ്ത്രീയോടും ബുദ്
ധിയുള്ളവരായ കന്യകമാരോടുംകൂടെ നിൻെറ ആ
ട്ടിൻ കൂട്ടത്തിൽ എന്നെ നീ എണ്ണുകയും നിൻെറ
മണവറയിലേക്കു പ്രവേശിപ്പാൻ എന്നെ യോഗ്യ
യാക്കുകയും ചെയ്യണമെ,

2. ദൈവമേ! എൻെറ കടങ്ങളെ പരിഹരിക്കുകയും എൻെറ എല്ലാ ഭോഷത്വങ്ങളെയും ക്ഷമിക്കുകയും ചെയ്യണമെ. കർത്താവേ! ഞാൻ പാപം ചെയ്തു നിന്നെ കോപിപ്പിച്ചതിനാൽ പാപിനിയായസ്ത്രീയെപ്പോലെ ഞാൻ നിലവിളിക്കുന്നു. മനുഷ്യസ്നേഹമുള്ളവനേ! മഹത്വത്തോടെ നീ എഴുന്നെള്ളി വരുമ്പോഠം നിൻെറ വിശുദ്ധന്മാരുടെ ഗണങ്ങളുടെ ഇടയിൽ നിൻെറ കൃപയ്ക്കു സ്തുതിപാടുവാൻ എനിക്ക് കൃപ നല്കണമെ.

3. ധൂർത്തനായ പുത്രനെപ്പോലെ സങ്കടത്തോടുകൂടെ ഞാൻ നിന്നെ വിളിക്കുന്നു. എൻെറ പിതാവേ, ദയതോന്നി എന്നോട് കരുണയുണ്ടാകണമെ. സ്വർഗ്ഗത്തിനും നിൻെറ തിരുമുമ്പാകെയും ഞാൻ പാപംചെയ്തു. കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളണമെ. ഞാൻ നിൻെറ ഭവനത്തിൽ ദാസനെപ്പോലെ ആയിക്കൊള്ളാം. കാരുണ്യവാനായ ദൈവമേ! ഞാൻ നിനക്ക് വിരോധമായി ചെയ്തിട്ടുള്ള സകല പാപവും എന്നോടു ക്ഷമിക്കണമെ.

4. എൻെറ കർത്താവേ! നിൻെറ വാതിൽക്കൽ മുട്ടുന്ന നിൻെറ ദാസരുടെ പ്രാർത്ഥന നീ കേഠക്കണമെ. ഞങ്ങഠം സമർപ്പിക്കുന്നതായ അനുതാപത്തിൻെറ കണ്ണുനീരുകളെ നീ കാണേണമെ.

ബോവൂസോ— (മാർ ബാലായി)

ദുഷ്ടന്മാരിൽ കാ—രുണ്യം
പൂണ്ടോനേ—
കാരുണ്യം ചെയ്നിൻ
ന്യായത്തീർപ്പിൻനാഠം
ദുഃഖം പൂണ്ടോർ നിൻ
വാതിൽ മുട്ടുന്നു.
കാരുണ്യത്താൽ നൽ
കേണം യാചനയെ

സ്വർഗ്ഗസ്ഥൻ താതാ -
പ്രാർത്ഥിക്കുന്നയ്യോ -
കൈക്കൊണ്ടീക്കർമ്മം
കാരുണ്യംചെയ്ക.

വിണ്ണവർ തൻ നാഥാ -
മൺമയരാശയുമേ —
കൈക്കൊണ്ടീക്കർമ്മം
കാരുണ്യം ചെയ്ക.

(തദനന്തരം നവശിഷ്യകരം ഓരോരുത്തരും പള്ളിയുടെ വാതിലിൽ രണ്ടുപ്രാവശ്യം മുട്ടുന്നു. എന്നാൽ വാതിൽ തുറക്കുന്നില്ല, അതിൻെറശേഷം രണ്ടാം ശുശ്രൂഷ ആരംഭിക്കുന്നു.

## രണ്ടാം ശുശ്രൂഷ

കൃപനിറഞ്ഞ മഹാസമുദ്രമേ, ഈ ലോകത്തിൽ ഞാൻ മുങ്ങിക്കിടക്കുന്നു. തിരമാലകളുടെ ഇടയിൽ നിന്നും പത്രോസിനെ നീ കോരി എടുത്തപ്രകാരം എന്നെ കോരി എടുക്കണമെ. കർത്താവേ, നിന്നിൽ ആശ്രയിക്കുന്നവർക്കു സമാധാന പൂർണ്ണമായ തുറമുഖം നീ ആകുന്നു വല്ലോ. ഞാനിതാ നിൻെറ വാതിൽക്കൽ വന്നിരിക്കുന്നു. എന്നെ അകത്തു പ്രവേശിപ്പിക്കണമെ.

തദനന്തരം

നോക്കണമെൻ ദുരിതം നാഥാ-
പലതരദോഷം ഞാൻ ചെയ്തേൻ
കോപിപ്പിച്ചു ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തി-
ട്ടില്ലൊരുഗുണവും
എൻ വ്രണമോ കഠിനം.

നൽവൈദ്യാ നിന്നേയും നി
ന്നൌഷധഗുണവും ഞാൻ കേട്ടു-

നിങ്കൽ വരുന്നോൻ
സുഖമേല്ക്കും നൂനം.
തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും
ഹാലേലുയ്യാ—
പോക്കണമെൻ പിഴകൾ.

കരുണക്കടലേ ഞാൻ നോക്കും
ദേവാ തനയാ എൻ പാപം
പെരുകി പിഴകൾ വർദ്ധിച്ചയ്യയ്യോ.
കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പാൽ വെണ്മ-
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതേയെന്നെ വൈരി
തേറും നരരിൽ ദൂതന്മാർ പ്രീതന്മാരായ്
തീർന്നിവ ചൊല്ലട്ടെ.

അനുതാപപ്രകളിൽ തൻ വാതിൽ
രാപകലിങ്ങു തുറന്നീടും
ഹാലേലുയ്യാ-
നാഥാ സ്തുത്യൻ നീ.

എല്ലാവരും:— മോറാനേശുമ്ശിഹാ ..........

എക്ബോ:– എൻെറ കർത്താവേ നീ മുഴുവൻ കരുണയുള്ളവനാകുന്നു എന്നു ഞാൻ അറ`യുന്നു കരുണയിൽ നീ നിലനില്ക്കുന്നു. യേശുദേവ, നിന്നോട് കരുണ അപേക്ഷിക്കുന്നവർക്ക് ശരണം നീ ആകുന്നു. യാചിക്കുന്ന ഈ പാപിയുടെമേൽ നിൻെറ കരുണ വർഷിക്കണമെ.

(അനന്തരം നവശിഷ്യകൾ ഓരോരുത്തരായി രണ്ടാം പ്രാവശ്യം മൂന്നു തവണ വാതിലിൽ മുട്ടുന്നു. അപ്പോൾ മേല്പട്ടക്കാരൻ വാതിൽ തുറന്ന് നവശിഷ്യയോട് ഇപ്രകാരം ചോദിക്കുന്നു.)

മേല്പട്ടക്കാരൻ:— നീ ആര്? എന്തിനായി ഇവിടെ വന്നിരിക്കുന്നു?

നവശിഷ്യ:– എൻെറ കർത്താവേ ഞാൻ പരദേശി ആകുന്നു. എൻെറ കർത്താവേ ഞാൻ മുടിയനായ പുത്രൻ ആകുന്നു.( വി. ലൂക്കോസ് 15:11-24)

" കർത്താവേ ഞാൻ കാണാതെ പോയ ആടാകുന്നു."
(വി. ലൂക്കോസ് 15:4–8)

" കർത്താവേ ഞാൻ കാണാതെ പോയ ദ്രഹ്മപ്പണം ആകുന്നു. " (വി. ലൂക്കോസ് 15:9–10)

എൻെറ പിതാവിൻെറ ഭവനം അന്വേഷിച്ചു ഞാൻ വന്നിരിക്കുന്നു. നിൻെറ ആലയിൽ പ്രവേശിപ്പാൻ ആഗ്രഹിച്ചു ഞാൻ വന്നിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ നല്ല ഇടയൻ എന്നെ അന്വേഷിച്ചു പുറപ്പെട്ടു വന്നു. കാണാതെ പോയ ദ്രഹ്മപ്പണം അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തിരിക്കുന്നു. കർത്താവേ എന്നെ കൈക്കൊള്ളണമെ. നിൻെറ കൃപാബാഹുല്യമാകുന്ന ധനം ലഭിക്കുന്നതിനുള്ള വാതിൽ എനിക്ക് തുറന്നു തരണമെ.

(മേല്പട്ടക്കാരൻ നവശിഷ്യയുടെ കയ്യിൽ പിടിച്ചുകൊണ്ട്)

ദിവ്യജ്ഞാനമാകുന്ന സന്യാസം, പുണ്യപൂർണ്ണതയാകുന്ന നീതി, ഇവ ആർ ആഗ്രഹിക്കുന്നുവോ അവർ ദൈവത്തിന് ഏററവും പ്രിയയും വാത്സല്യ ഭാജനവുമാകുന്നു. അവർ രാജകൊട്ടാരത്തിൽ ജീവിക്കുന്നു. രാജമക്കൾ അവളെ വളർത്തുന്നു. ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവർ അവകാശിനിയായിത്തീരുകയും ചെയ്യുന്നു.

( മേല്പട്ടക്കാരൻ വാതിൽ മുഴുവനായി തുറക്കുകയും നവശിഷ്യ അദ്ദേഹത്തിൻെറ കൈമുത്തിയശേഷം അകത്തേക്കു പ്രവേശിക്കുകയും ചെയ്യുന്നു. നവശിഷ്യകൾ ഒരോരുത്തരും ഇപ്രകാരം അകത്തു പ്രവേശിച്ചശേഷം )

എല്ലാവരും:– കുറിയേലായിസ്സോൻ_ കുറിയേലായിസ്സോൻ
കുറിയേലായിസോൻ.

ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ. .... .... .... ഇത്യാദി.

## ്രപുമിയോൻ - സെദറാ (pg. 3, 4)

ആരാധന

### ഏവൻഗേലിയോൻ:- വി. മത്തായി:- 7:13-14.

"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ. എന്തെന്നാൽ, വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാകുന്നു. അതിലേ കടന്നു പോകുന്നവർ വളരെയാണുതാനും. എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാകുന്നു. അതു കണ്ടെത്തുന്നവരോ ചുരുക്കം."

വി. മത്തായി:- 7:24-27.

"എൻെറ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു; വെള്ളപ്പൊക്കമുണ്ടായി, കാററൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു. എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ, അതു പാറമേൽ സ്ഥാപിതമായിരുന്നു. എൻെറ ഈ വചനങ്ങൾ കേൾക്കുകയും എന്നാൽ അത് അനുസരിക്കാതിരിക്കയും ചെയ്യുന്നവൻ മണൽപ്പുറത്ത് ഭവനം പണിത ഭോഷനായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാററൂതി, അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു, ആ ഭവനം വീണുപോയി. അതിൻെറ വീഴ്ച വലുതായിരുന്നു".

വി. മത്തായി:-6:19-21

"ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കരുത്. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും: കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും."

വി. മത്തായി:—5:48

''അതുകൊണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ''.

## മാർ യാക്കോബിൻെറ ബോവൂസോ.

1. ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവരാത്മാക്കരംമേൽകൃപ ചൊരിയണമെ
2. ഈറേ മാലാഖാമാർക്കുടയോൻ നാഥാ ദേവ,
യാചന കേട്ടിവരാത്മാക്കരം മേൽ കൃപ ചൊരിയണമെ.
3. താത സുതാത്മാ എൻ ബോധത്തെ ശോഭിപ്പിക്ക
വിശ്വാസമൊടെ വാതിൽ മുട്ടും ഉത്തരമരുരംക.
4. നിൻ സത്യത്തെ ഞങ്ങരം കണ്ടു നിൻ തിരുനാമം
സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ കൺകരം ശോഭിതമാക്ക.
5. നിൻ ദയയിൽ ഞാൻ ശരണപ്പെട്ടഭയം കൊള്ളുന്നു.
നിൻ കനിവാലെൻ ബാല്യത്തെ നീ കാത്തീടേണമെ.
6. നിർമ്മലമായൊരു ഹൃദയം ഞങ്ങരംക്കേകീടണമെ—
രക്ഷാജ്ഞാനം ഏകണമെ നിൻ പൂർണ്ണതയിന്നും
7. ലോക പിതാവേ ജീവാധിപനേ സ്തോത്രം സ്തുതിതെ
ഞങ്ങരം പ്രാർത്ഥന കാഴ്ചയതുപോൽ കൈക്കൊള്ളണമെ.
8. അഖിലം കേരംക്കും പ്രാർത്ഥനകരം കൈക്കൊള്ളുന്നവനെ,
ഞങ്ങരം യാചന കേരംക്കണമെ കൃപ നൽകീടേണമെ.

(അല്ലെങ്കിൽ)

1. ഞങ്ങളുടെ നാഥനായ കർത്താവേ, ഞങ്ങരം നിന്നെ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു വരണമെ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമെ.

2. ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായ ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ.

3. വിശ്വാസത്തോടുകൂടെ നിൻെറ വാതിൽക്കൽ ഞാൻ മുട്ടി. നിൻെറ കരുണയാൽ എന്നോടുത്തരമരുളണമെ.

4. നിൻെറ സത്യത്തെ കാണാനും നിൻെറ തിരുനാമത്തെ സ്തോത്രം ചെയ്യാനും എൻെറ കണ്ണുകളെ പ്രകാശിപ്പിക്കണമെ. നിൻെറ ദയയിൽ ഞാൻ അഭയം പ്രാപിച്ചിരിക്കുന്നതിനാൽ എൻെറ ബാല്യത്തെ കാത്തുകൊള്ളണമെ.

5. കർത്താവേ, ഒരു വെടിപ്പുള്ള ഹൃദയം എനിക്കു ലഭിക്കുന്നതിനായിട്ട് ഞാൻ നിന്നോട് അപേക്ഷിക്കുന്നു. നിൻെറ പൂർണ്ണതയിൽ നിന്ന് ജീവൻെറ ജ്ഞാനം എൻെറ ബോധത്തിൽ നീ വർദ്ധിപ്പിക്കണമെ.

6. ദുഷ്ടനെതിരായി ആത്മാവിൻെറ ആയുധം എന്നെ ധരിപ്പിക്കണമെ. നിൻെറ തിരുനാമത്തിൽ എന്നെ മുദ്രകുത്തുകയും നാശത്തിൽ നിന്ന് എൻെറ ജീവനെ രക്ഷിക്കുകയും ചെയ്യണമെ.

7, ഞാൻ നിന്നെ സ്നേഹിക്കുകയും നിൻെറ പിന്നാലെ വരികയും ചെയ്തതിനാൽ എന്നെ ലജ്ജിപ്പിക്കരുതെ. കർത്താവേ നിൻെറ വലത്തുകൈ എൻെറ മേൽ ആവസിപ്പിക്കണമെ.

8. എൻെറ ഇഷ്ടമൊക്കെയും ഞാൻ നിനക്കുള്ളവനായിരിക്കണമെന്ന് മാത്രമാകുന്നു. കരുണയുള്ള നാഥനായ പിതാവേ, നിന്നെ ഞാൻ വന്ദിക്കുന്നു.

9. അനുഗ്രഹങ്ങളും കരുണയും ഞാൻ നിന്നിൽ നിന്ന് പ്രാപിച്ചിരിക്കുന്നതിനാൽ എന്നെ നീ ലജ്ജി

പ്പിക്കരുതെ. നിൻെറ നിക്ഷേപങ്ങളിൽ നിന്ന് വ്യാപാരിയെപ്പോലെ എൻെറ മനസ്സ് അനുഗ്രഹങ്ങൾ പ്രാപിക്കുമാറാകണമെ.

10. വായിച്ചു പഠിക്കുന്നതിനായി നിൻെറ സത്യപുസ്തകങ്ങളെ എനിക്കു നീ നല്കണമെ. കർത്താവേ, ഞാൻ നിൻെറ ദാസനും ദാസിയുടെ പുത്രനുമാകുന്നു. നിൻെറ തിരുമുമ്പാകെ എന്നെ ജീവിപ്പിക്കണമെ.

11. തിരുശരീരം ഞാൻ ഭക്ഷിക്കയും തിരുരക്തം ഞാൻ കുടിക്കയും ചെയ്തു. എൻെറ കർത്താവേ, നിന്നിൽ ഞാൻ ജീവിക്കുമാറാകണമെ. നിൻെറ സ്ളീബാ വഞ്ചനകളിൽനിന്നും എനിക്കു കോട്ടയായിരിക്കണമെ.

12. കർത്താവേ, പ്രാർത്ഥനയിൽ നിന്നെ ഞാൻ വിളിച്ചു. നിൻെറ വലത്തു കൈ എൻെറമേൽ ആവസിപ്പിക്കണമെ. ഉത്തമഇടയനേ നിൻെറ ആലയിൽ ഒരു കുഞ്ഞാടായി എന്നെ ആക്കിത്തീർക്കണമെ.

13. ലോകങ്ങളുടെ പിതാവും ജീവൻെറ രാജാവുമായുള്ളോവേ! നിൻെറ തിരുനാമത്തിനു സ്തുതി. എൻെറ അപേക്ഷ കാഴ്ചപോലെ നിൻെറ ശ്രേഷ്ഠതയുടെ മുൻപാകെ പ്രവേശിക്കുമാറാകണമെ. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമെ.

നവശിഷ്യയെ റൂശ്മാ കുത്തി പേര് കൊടുത്ത് അനുഗ്രഹിക്കുന്നു — വസ്ത്രങ്ങൾ വാഴ്ത്തി കൊടുക്കുന്നു.

(രൂപത) (ഇന്ന) സന്യാസിനി സമൂഹമാകുന്ന ദൈവത്തിന്റെ പരിശുദ്ധമായആലയിൽ അവകാശിനി (അംഗം) യായി തീരുവാൻ പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ (ഇന്നാർ) മുദ്രകുത്തപ്പെടുന്നു.

പ: ദൈവമാതാവിന്റെയും, വിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലി ധൂപം അർപ്പിക്കുകയും ഹൂത്തോമ്മോ ചൊല്ലി അവസാനിപ്പിക്കുകയും ചെയ്യുന്നു.

****

# വ്രതവാഗ്ദാനം

( വി: കുർബാനയിൽ വിശ്വാസപ്രമാണം കഴിയുമ്പോൾ നവ ശിഷ്യരെ മദ്ബഹായുടെ വാതിൽക്കൽ നിർത്തുന്നു. മേല്പട്ടക്കാരൻ ഈ പ്രാർത്ഥന ചൊല്ലുന്നു.)

## പ്രാർത്ഥന.

വിശുദ്ധിയേയും, വിശുദ്ധന്മാരെയും സ്നേഹിക്കുന്നവനുംപുണ്യവാന്മാരിൽ സംപ്രീതനും സകലത്തിലും അതിവിശുദ്ധനുമായ ദൈവമേ, നിന്റെ വിശുദ്ധിക്കായി വേർതിരിക്കപ്പെട്ടവരായി അടുത്തു വന്നിട്ടുള്ള നിന്റെ ഈ ദാസികളെ കൈക്കൊള്ളണമെ. സന്യാസ പരമായ ജീവിതത്തിനുള്ള കൃപാവരങ്ങൾ ഇവർക്കു നല്കണമെ. മാലിന്യം കൂടാതെയും സന്യാസ ജീവിതത്തിനുവേണ്ട ഏകാഗ്ര ബുദ്ധി നൽകി, നിഷ്ക്കപടമായ സന്യാസ ജീവിതത്തിലേയ്ക്കു ഇവരെ പ്രവേശിപ്പിക്കണമെ. ഉത്തമ നടപടികളും സത്പ്രവൃത്തികളും വഴിയായി ദൈവമെ, നിന്റെ മഹത്വത്തിനു സമീപസ്ഥരായിരിപ്പാൻ ഇവർക്കു കൃപ നൽകണമെ. നിന്റെ പരിശുദ്ധമായ സമാഗമ കൂടാരത്തിൽ സേവനം ചെയ്തു പാർക്കുന്നതിന് എപ്രകാരം ശ്മൂയേൽ യോഗ്യനായി അംഗീകരിക്കപ്പെട്ടുവോ അപ്രകാരം തന്നെ ഹൃദയ പരമാത്ഥതയോടും വിശുദ്ധിയോടും കൂടെ ഇവരും നിന്റെ തിരുമുമ്പാകെ നിരന്തരം സേവനം ചെയ്തുകൊണ്ട് പാർക്കുവാൻ ഇവരെ ആശീർവദിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിന്റെ പ്രാഭവമുള്ള വന്ദ്യ തിരുനാമത്തിന് ഇവർ മുഖാന്തിരം മഹത്വമുണ്ടാകുമാറാകണമെ.

(നിത്യവ്രതത്തിനു മാത്രം)
( തല്ക്കാല വ്രതസ്ഥരുടെ കയ്യിൽ ഇരിക്കുന്ന കുരിശുകരം വാങ്ങി ത്രോണോസിന്മേൽ വയ്ക്കുന്നു )

അതിനുശേഷം വി. കുർബാന തുടരുന്നു. പ: ദൈവമാതാവിൻെറയും, വിശുദ്ധന്മാരുടെയും കുക്കിലിയോനുശേഷം ശുശ്രൂഷ ആരംഭിക്കുന്നു.

## പ്രാരംഭപ്രാർത്ഥന.

സർവശക്തിയുള്ള ദൈവമായ കർത്താവേ, സ്വർഗ്ഗത്തിൽ മാലാഖമാർ വന്ദിക്കുന്ന നിൻെറ ഏക പുത്രനെ നീ ഈ ലോകത്തിലേക്ക് അയച്ച് പാപത്തിൻെറ ദാസരായ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി. ഭൂമിയിൽ മാലാഖമാരെപ്പോലെ നീതിയുടെ പ്രവൃത്തികരം ചെയ്തു കൊണ്ട് ജീവിപ്പാൻ നീ ഞങ്ങളോടു കല്പിക്കുകയും ചെയ്തു. ആത്മീയവും സ്വർഗ്ഗീയവുമായ നിൻെറ വാഴ്വുകളാൽ നിൻെറ ഈ ദാസികളെ വാഴ്ത്തണമെ. വിശുദ്ധ ജീവിതം നയിക്കുന്നതിനായി നീ ഇവരെ തെരഞ്ഞെടുത്തു. നിരന്തരവും അഭേദ്യവുമായ ഉത്സാഹത്തോടെ നിൻെറ അടുക്കൽ ചെയ്യുന്ന പ്രതിജ്ഞയെ പാലിക്കുന്നവരും നിൻെറ ബഹുമാനത്തിന് അനുയോജ്യമായ നടപടികരം ഉള്ളവരുമായി ഇവരെ ആക്കിത്തീർക്കണമെ. കർത്താവേശുമ്ശിഹാ മൂലം ഇപ്പോഴും എപ്പോഴും സ്വർഗ്ഗീയ നന്മകരംക്ക് ഇവർ യോഗ്യരായിത്തീരണമെ. ആമ്മീൻ.

## 51–ാം മസുമൂറാ:–

ദൈവമേ, നിൻെറ കൃപയിൻ പ്രകാരം. ഇത്യാദി...

മേല്പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്ന് ചൊല്ലുന്നു.

ഹൂസോയോ ഹ്വീലി

കരുണാ നിധിയാം–

1. ദേവാ നീ പുണ്യമെനിക്കേകീ–ടണമെ
ധൂർത്തൻ സമമെന്നെ കൈക്കൊള്ളാൻ
കൃപചെ-യ്യേണമെ.

2. അനുതാപിക്കായ്
വാതിൽ തുറന്നീടുന്നവനാം കരുണാ-ലയനെ
കൃപ ചെയ്യണമെന്മേൽ ദുഷ്ടപാപങ്ങളാം
മോചിച്ചീ–ടേണം.
3. കരുണാലയനേ
ബഹുലമതാം കൃപയുള്ളവനേ-ദേവാ
കൃപ ചെയ്യണമെയെൻ ദുഷ്ടതയെല്ലാം
പുണ്യമതാക്കീ–ടേണം,
4. കരുണാ നിധിയേ–
വ്യഥയൊടുകണ്ണീരാൽനിന്നോടുപ്രാർത്ഥി-ക്കുന്നു
ചുങ്കക്കാരൻ പാപിനിയിവരെപ്പോൽ
പുണ്യമതാക്കീട–ണമെന്നെ
5, ചെയ്തേൻ പിഴ ഞാൻ
ദേവാ അങ്ങേ കോപിപ്പിച്ചതിനാൽ യാചി-ക്കുന്നു.
ചോരൻ പോലെന്നെ കൈക്കൊണ്ടെന്മേൽ
കൃപചെ–യ്യേണം
6. കരുണാലയനേ
ദുഷ്ടത നിറയും ലോകമിതിൽ ഞാൻ
ചെയ്തൊരന്യാ–യത്തിൽ
നിന്നും വീണ്ടെന്നെ പല വികാരങ്ങളിൽ നിന്നും
രക്ഷി–ക്കേണമെ.

(അല്ലെങ്കിൽ ഗദ്യം pg. 2)

(കാർമ്മികൻ കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്;—)

## പ്രാർത്ഥന

നല്ല മനസ്സോടും സ്നേഹത്തികവോടും പരിശുദ്ധമായ വാഗ്ദാനത്തിനനുസരണമായ നീതിയുള്ള പ്രവൃത്തികളാലും. സുകൃത നടപടികളാലും സത്യവിശ്വാസത്താലും ദൈവത്തെ പ്രസാദിപ്പിക്കുന്ന സൽപ്രവൃത്തികളാലും ആയുഷ്ക്കാലം പൂർണ്ണമാക്കുവാൻ ദൈവം നിങ്ങളെ യോഗ്യരാക്കിതീർക്കട്ടെ.

## 63–ാം മസുമൂറാ

എൻെറ ദൈവമേ, നീ എൻെറ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവ് നിന്നെക്കു

റിച്ച് ദാഹിച്ചിരിക്കുന്നു. എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിൻെറ ബലത്തേയും നിൻെറ ബഹുമാനത്തേയും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിൻെറ കരുണ ജീവനെക്കാഠ നല്ല താകുന്നു. എൻെറ അധരങ്ങഠ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോഠ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിൻെറ നാമത്തിൽ ഞാൻ എൻെറ കൈകഠ ഉയർത്തുകയും ചെയ്യും.

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊ ണ്ടെന്നപോലെ പുഷ്ടിയാകും. എൻെറ വായ് സ്തുതി യുള്ള അധരങ്ങഠകൊണ്ട് നിന്നെ സ്തുതിക്കുകയും ചെ യ്യും.

എൻെറ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രി കാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്കു സഹായക്കാരനായിത്തീർ ന്നു. നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻമറയ്ക്കപ്പെടും.

എൻെറ ആത്മാവു നിന്നെ പിന്തുടർന്നു. നിൻെറ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എൻെറ ആത്മാവിനെ നശിപ്പിപ്പാൻ അന്വേ ഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരി കഠക്ക് ഭക്ഷണമായി തീരുകയും ചെയ്യും.

രാജാവ് ദൈവത്തിൽ സന്തോഷിക്കും. അവനെ ക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ, അസത്യം പറയുന്നവരുടെ വായ് അടയ്ക്ക പ്പെടും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

### (ലൂക്കോസ് 1:45 മുതൽ 55 വരെ)

മറിയാം പറഞ്ഞതെന്തെന്നാൽ, എൻെറ ദേഹി കർ ത്താവിനെ പുകഴ്ത്തുന്നു.

എൻെറ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ, അവൻ തൻെറ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

കണ്ടാലും, ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തൻെറ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു.

അവൻെറ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തൻെറ ഭുജംകൊണ്ട് ജയമുണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു.

അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയുംചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തൻെറ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവൻെറ സന്തതിയോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്ന പ്രകാരം തൻെറ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ.

## 135-ാം മസുമൂറാ

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവുമാകുന്നു.

അതു അഹറോൻെറ തലയിലും താടിയിലും, അതേ, അവൻെറ അങ്കിയുടെ നെഞ്ചിൽ വീണു കിടക്കുന്ന അവൻെറ താടിയിലും, ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹവും ജീവനും കല്പിച്ചു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ

## (മത്തായി 5:3 — 12 വരെ)

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്ന് ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻെറ പുത്രന്മാരെന്ന് വിളിക്കപ്പെടും.

നീതിനിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

എൻെറ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, നിങ്ങളെ പീഡിപ്പിക്കുകയും നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളേയും വ്യാജമായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട്; നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ.

### എക്ബോ

ദേവാ നീ — തുണചെയ്ക
എൻ പാപച്ചുഴികളിൽ ഞാൻ
താണു വല - ഞ്ഞീടുന്നു.
പാപസമു - ദ്രത്തിൽ മുങ്ങിപ്പോകായ്വാൻ
ശാന്തിയെഴും തുറമുഖമാ — ക - ണമെ

അനുതാപത്തിന്നായ് ഞാൻ പാർക്കുന്നു
ശെമഓന്നതുപോൽ – നിൻ – കൈ
നീട്ടിത്ത - ന്നെന്മേൽ കൃപചെയ്ക -

സ്തൗമെൻകാലോസ് – കുറിയേലായിസോൻ

## പ്രുമിയോൻ

അനുതാപികളെ കൈക്കൊള്ളുന്നവനും, ഭോഷത്വങ്ങൾക്കു മാപ്പു നൽകുന്നവനും, പാപികളെ നീതീകരിക്കുന്നവനും, തൻെറ അടുക്കലേക്കു തിരിച്ചു വരുന്നവരുടെ തെററുകളെ പരിഹരിക്കുന്നവനുമായ കർത്താവേ, സന്യാസജീവിതമായ ആനന്ദകരമായ നിൻെറ നുകം വഹിക്കുന്നതിന് ഒരുങ്ങിവന്നിട്ടുള്ള ഈ നിൻെറ ദാസികളെ നിൻെറ കൃപയാൽ കൈക്കൊണ്ട് പുണ്യപ്പെടുത്തണമെ. നിൻെറ കല്പനകൾ ആചരിപ്പാൻ ഇവരെ ശക്തിപ്പെടുത്തണമെ. പരീക്ഷകളിൽ നിന്നു് ഇവരെ വീണ്ടുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ നല്ലവനും കാരുണ്യവാനും നീ മാത്രമാകുന്നു. നിൻെറ ദാസർ തിരുമുമ്പാകെ സ്വയം പ്രതിഷ്ഠ നടത്തുന്ന ഈ നേരത്തും സകല പെരുനാളുകളിലും കാലങ്ങളിലും നേരങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും നിനക്കു യോഗ്യമാകുന്നു.

## സെദറാ

ദയാലുവും കാരുണ്യവാനുമായ ദൈവമായ കർത്താവേ, സകല ജഡത്തിൻെറയും ജീവനിൽ നീ പ്രീതിപ്പെടുന്നു. സകലത്തിന്മേലും ആവസിക്കുന്നവനും നിൻെറ കൃപയെ എല്ലാററിന്മേലും ചൊരിയുന്നവനും നീ തന്നെ. എല്ലാവരോടും കരുണയുള്ളവനും വാഴ്ത്തപ്പെട്ടവനും എല്ലാററിനേയും ആശീർവ്വദിക്കുന്നവനും നീ തന്നെ ആകുന്നു. ഇപ്പോൾ കർത്താവേ, സന്യാസജീവിതമാകുന്ന നിൻെറ ആനന്ദകരമായ നുകത്തെ വഹിക്കുന്നതിനായി സന്തോഷപൂർവ്വം തിരുമുമ്പാകെ കഴുത്തുകുനിച്ചുകൊണ്ട് നിനക്ക് വിധേയരായി നിൻെറ അടുക്കൽ വന്നിട്ടുള്ള ഇവരുടെ മേൽ കരുണതോന്നി ഇവരെ ആശീർവ്വദിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമെ. സൌഭാഗ്യപൂർണ്ണമായ നിൻെറ ഭവനമാകുന്ന സന്യാസത്തിന് ആഗ്രഹിച്ചുകൊണ്ട് ഇവരി

താ അടുത്തുവന്നിരിക്കുന്നു. ആകയാൽ കർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഇവരുടെ ഇതുവരെയുള്ള സകല കുററങ്ങളേയും കല്പനലംഘനങ്ങളേയും മായിച്ചു കളഞ്ഞ് ഇവരിൽ നിനക്ക് പ്രീതിയുണ്ടാകണമെ. നിന്റെ വിശുദ്ധിക്കു സമീപസ്ഥരാകുവാൻ ഇവരിതാ അടുത്തു വരുന്നു. കുററമില്ലാത്ത നടപടികൾ ഇവർക്കുണ്ടാകുവാൻ ഇവരെ അനുഗ്രഹിക്കണമെ. സത്യവിശ്വാസം കൊണ്ടും നിന്നിൽ ഇളകാത്ത ശരണംകൊണ്ടും, മുഖസ്തുതിയും കപടതയും കൂടാത്ത സ്നേഹം കൊണ്ടും ഇവരെ അലങ്കരിക്കണമെ. നിന്റെ പ്രവാചകന്മാർക്ക് നീ നല്കിയ ആത്മീയജ്ഞാനവും നിന്നോടുകൂടി വസിച്ച ശ്ലീഹന്മാർക്കു നല്കിയ വിശുദ്ധിയും നിനക്കുവേണ്ടി മരണം ആസ്വദിച്ച സഹദേന്മാർക്കു നല്കിയ മനോധൈര്യവും നിന്നെ എവിടെയും ഏററു പറഞ്ഞിട്ടുള്ള മൗദ്യാനന്മാർക്കു നല്കിയ ഭയഭക്തിയും നിന്റെ കൃപാസാഗരത്താൽ പുണ്യവാന്മാരായിത്തീർന്നിട്ടുള്ള വിശുദ്ധന്മാർക്ക് നീ നല്കിയ പൂർണ്ണതയുള്ള ജീവിതചര്യയും ഇവയെല്ലാം നിമിത്തം ലഭ്യമാകുന്ന ആത്മപ്രകാശവും ഇവർക്ക് നൽകണമെ. ജീവദായകമായ നിന്റെ കല്പനകളുടെ പ്രകാശത്തെ അനുഗമിപ്പാൻ ഇവർക്ക് സംഗതിയാക്കണമെ. സകലപാപസന്ദർഭങ്ങളും പരിത്യജിപ്പാൻ ഇവരെ ശക്തിപ്പെടുത്തണമെ. നാശകരങ്ങളായ സകല പാപവികാരങ്ങളെയും അമർച്ചചെയ്യുവാൻ ഇവരെ ബലപ്പെടുത്തണമെ. ഏഷണിക്കാരനായ ആകത്ക്കറുസായുടെ സകല കെണികളിൽനിന്നും വിരുദ്ധതകളിൽ നിന്നും ഇവരെ രക്ഷിക്കണമെ. ദുഷ്ട മനുഷ്യരുടെ പരീക്ഷകളിൽ നിന്നും വഞ്ചനകളിൽ നിന്നും ഇവരെ രക്ഷിക്കണമെ. ശത്രുവിന്റെ സകല യുദ്ധങ്ങളെയും നേരിടുവാനായി നിന്റെ ബലത്താൽ ഇവരെ ശക്തിപ്പെടുത്തണമെ. പ്രവൃത്തികളിലും പെരുമാററത്തിലും ഉണർവ്വിലും ഉറക്കത്തിലും ആത്മാവിന്റെ സകല ചലനങ്ങളിലും ദൈവമേ! ഇവർ നിന്നെ സമീപിക്കുവാൻ തക്കവരായി, വിശുദ്ധ മഹത്വത്തിനു ഹേതുവായിത്തീരുവാൻ തക്കവണ്ണം വിജയികളായി പുറപ്പെടുവാൻ ഇവർക്ക് സംഗതിയാക്കണമെ. രോഗമില്ലാത്ത ആയുസ്സിൽ എ

ല്ലായ്പ്പോഴും നിന്റെ വിശുദ്ധ നാമത്തെ മഹത്വപ്പെടു ത്തുകയും തിരുനാമത്തിന് ശുശ്രൂഷിക്കുകയും ചെയ്വാൻ ഇവരെ യോഗ്യരാക്കണമെ. നിന്റെമഹത്വത്തിനുള്ള ഉപകര ണങ്ങളായി ഇവരെ ആക്കിത്തീർക്കണമെ. നിന്നോട് ഇവർ ചെയ്യുന്ന പ്രതിജ്ഞയെ സസൂക്ഷം മുറുകെ പിടിച്ചു കൊള്ളുവാനും അതിന്റെ നൽവരത്തിന്റെ ശക്തിയെ പ്രാപിപ്പാനും ഇവർക്ക് സംഗതിയാക്കണമെ. ഈ സുഗ ന്ധ ധൂപം നിമിത്തം ഇവരുടെയും ഞങ്ങളുടെയും നെ ടുവീർപ്പുകൾ നിന്റെ ദൈവത്വത്തിൻ പക്കലേക്ക് ഇതാ അടുത്തു വരുന്നു. കൃപയുണ്ടായി ഇവരോട് മനസ്സി ലിവ് തോന്നണമെ. ജീവന്റെ ആട്ടിൻ തൊഴുത്താകുന്ന സന്യാസ സഭയിലെ സുകൃത ജിവിതത്തിന് ഇവരെ കൈ ക്കൊള്ളണമെ. നിന്റെ രാജ്യത്തിൽ കുഞ്ഞാടുകളായി ഇവരെ എണ്ണണമേ. പിതാവും പുത്രനും പരിശുദ്ധാ ത്മാവുമേ, ഇവരുടെമേൽ ചൊരിയുന്ന എല്ലാ കൃപകൾ ക്കുവേണ്ടിയും നിന്റെ പരിശുദ്ധ തിരുനാമം വന്ദി ക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുമാറാകട്ടെ.

## കോലോ

( ദഹത്തോ ലോ നെഹത്തേ—എ.മ,)

ലോകം വീക്ഷിച്ചേൻ കെണികൾ പിഴകളതാൽ
നിറഞ്ഞു കലങ്ങിമറിഞ്ഞതു കണ്ടൂഞാ–നും
മിശിഹാ നാഥാ നിൻ- അജഗണമതിലെന്നെ
ചേർത്തീടണമേ നീ എന്നായുഷ്ക്കാലം ഹാ– ഹാ–
ഗ്ഗുണവാരിധിയീന്നും കോരിയെടുക്കെ–ന്നെ.

പതിനൊന്നാം മണിയിൽ മുന്തിരിവയലിൽ ഞാൻ
പണിചെയ്തു നാഥാ, കരുണാലയനേ–നീ
നിൻ മുന്തിരിവയലിൽ- വിളിച്ചെയ്തെന്നേയും
ജോലിക്കാരൊപ്പം പ്രതിഫലമേകേണം–ഹാ– ഹാ–
ദയവാനേ നീയെൻ ആശ്വാസദാ-യകൻ

ബാറെക്മോർ

ശുബഹോ .... ....

അന്യർ തൻ ഭവനേ ദിനമായിരമതിലും
നിൻ ഭവനേ നാഥാ ഏകദിനം കാമ്യം-

പരിശുദ്ധാത്മാവാൽ ഈശായീസുതനാം—
ദാവീദുപാടീയഹോ നിൻെറ സുഗന്ധത്തിൽ ഹാ— ഹാ—
മായിച്ചെൻ കറകരം വെണ്മയതാക്കെ—ന്നെ
മെന്ഓലം .... ....

കന്യകമാർ പത്തും ദീപേഷ്ടികളോടെ
മണവാളൻ തന്നുടെ എതിരേല്പിനു പോയാർ
ജ്ഞാനികള പരഞ്ചും എണ്ണെയെടുത്തെന്നാൽ
ഭോഷികളായവരോ കരുതിയതില്ലെണ്ണ ഹാ- ഹാ—
ജ്ഞാനികരം മണവറയുരം പൂകിസ്തുതി പാ-ടി.

(അല്ലെങ്കിൽ ഗദ്യം pg. 6)

(മൊറിയോ റാഹേം .... ....)

## എത്രോ

ദൈവമായ കർത്താവെ, നിൻെറ തിരുമുമ്പാകെ ബല ഹീനരായ ഞങ്ങരം സമർപ്പിച്ചിട്ടുള്ള ഈ സുഗന്ധ ധൂപം കൈക്കൊള്ളണമെ. നിൻെറ തിരുമുമ്പാകെ നില്പ്പാൻ ആരും യോഗ്യരല്ല. എങ്കിലും അയോഗ്യരായ ഞങ്ങളിൽ നിന്ന് നിൻെറ കരുണ്ണയുടെ മുഖം നീ തിരിച്ചു കളയ രുതെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ! നീ കരുണയുടെ അഗാധവും നിൻെറ ദൈവത്വം ഞങ്ങ ളുടെ സ്തുതിയിൽനിന്ന് ഉന്നതവും ആകുന്നു.

## വായനകരം:-(പഴയനിയമം)

ഉല്പത്തി 12:1–10
സംഖ്യ 61:1–9
ആവർത്തനം 30:15–19
ഏശായാ 19:1–25

(പുതിയനിയമം)

I പത്രോസ്. 1:13–21

"ആകയാൽ, നിങ്ങരം മാനസികമായി ഒരുങ്ങി സമ ചിത്തതയുള്ളവരായിരിക്കുവിൻ. യേശുക്രിസ്തുവി ൻെറ പ്രത്യാഗമനത്തിൽ നിങ്ങരംക്കു ലഭിക്കുവാനിരിക്കു ന്ന കൃപയിൽ പ്രത്യാശയർപ്പിക്കയും ചെയ്യുവിൻ. മുൻ

കാലത്ത് നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങൾക്ക്, അനുസരണയുള്ള മക്കളെന്ന നിലയിൽ, നിങ്ങൾ വിധേയരാകാതിരിക്കുവിൻ. മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "ഞാൻ പരിശുദ്ധനായിരിക്കുന്നതു കൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" ഓരോരുത്തനേയും പ്രവൃത്തികൾ അനുസരിച്ച് നിഷ്പക്ഷമായി വിധിക്കുന്നവനെയാണ് നിങ്ങൾ പിതാവെന്ന് വിളിക്കുന്നതെങ്കിൽ, നിങ്ങളുടെ ഈ പ്രവാസകാലത്ത് ഭയത്തോടെ ജീവിക്കുവിൻ. പിതാക്കന്മാരിൽ നിന്നു നിങ്ങൾക്കു ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽ നിന്നു നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. മറിച്ച്, കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രേ. അവനാകട്ടെ, ലോക സ്ഥാപനത്തിനു മുമ്പു തന്നെ നിയോഗിക്കപ്പെട്ടിരുന്നവനും ഈ അവസാന കാലത്ത് നിങ്ങൾക്കായി വെളിപ്പെടുത്തപ്പെട്ടവനുമാകുന്നു. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവത്തിൽ, അവൻ മൂലം നിങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ നിങ്ങളുടെ വിശ്വാസവും പ്രതീക്ഷയും ദൈവത്തിൽ ആയിരിക്കയും ചെയ്യുന്നു".

II കൊളോസ്യർ 3:5–17.

"അതുകൊണ്ട് നിങ്ങളിൽഭൗമികമായിട്ടുള്ളതെല്ലാം, അസന്മാർഗ്ഗികത, അശുദ്ധി, മനക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധനതന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ. ഇവ നിമിത്തം ദൈവകോപം വന്നു ചേരുന്നു. നിങ്ങളും ഒരിക്കൽ അവയ്ക്കനുസൃതമായി ജീവിക്കുകയും പ്രവർത്തിക്കയും ചെയ്തിരുന്നു. ഇപ്പോൾ അവയെല്ലാം ദൂരെയെറിയുവിൻ. അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം, തുടങ്ങിയവ വർജ്ജിക്കുവിൻ. പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടു

കൂടി നിഷ്ക്കാസനം ചെയ്യുവിൻ. സമ്പൂർണ്ണ ജ്ഞാനം കൊണ്ട് സ്രഷ്ടാവിൻെറ പ്രതിച്ഛായയ്ക്കനുസൃതം നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ. ഇവിടെ ഗ്രീക്കുകാരനെന്നോ, പരിച്ഛേദിതനെന്നോ, അപരിച്ഛേദിതനെന്നോ, അപരിഷ്ക്രുതനെന്നോ സിഥിയനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ വ്യത്യാസം ഇല്ല. പിന്നെയോ, ക്രിസ്തു എല്ലാമാകുന്നു. എല്ലാവരിലുമാകുന്നു.

അതിനാൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാൾക്ക് മറെറാരാളോടു പരിഭവം ഉണ്ടായാൽ പരസ്പരം ക്ഷമിച്ച് സഹിഷ്ണതയോടെ വർത്തിക്കുവിൻ. കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കണം, സർവോപരി, എല്ലാററിനേയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ. ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ! ഈ സമാധാനത്തിലേക്കാണ് നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടത്. അതിനാൽ നിങ്ങൾ കൃതജ്ഞതാനിർഭരരായിരിക്കുവിൻ. പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കയും ചെയ്യുമ്പോഴും, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയ ഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിൻെറ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ! നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവൻെറ നാമത്തിൽ ചെയ്യുവിൻ''.

## ഏവൻഗേലിയോൻ

വി. മത്തായി:— 25:1—13

''സ്വർഗ്ഗരാജ്യത്തെ, തങ്ങളുടെ വിളക്കുകളുമെടുത്തുകൊണ്ട് മണവാളനെ എതിരേല്ക്കാൻ പുറപ്പെട്ട പത്ത്

കന്യകമാരോടു സാദൃശ്യപ്പെടുത്താം. അവരിൽ അഞ്ചു പേർ വിവേകരഹിതകളും അഞ്ചുപേർ വിവേകവതികളുമായിരുന്നു. വിവേകരഹിതകൾ വിളക്കുകളെടുത്തപ്പോൾ എണ്ണ കരുതിയിരുന്നില്ല. വിവേകവതികളാകട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. മണവാളൻ വരാൻ വൈകി. കന്യകകൾ ഉറക്കം വരുകയാൽ കിടന്നുറങ്ങി. എന്നാൽ അർദ്ധ രാത്രിയിൽ 'ഇതാ, മണവാളൻ! പുറത്തുവന്ന് അവനെ എതിരേല്ക്കുവിൻ' എന്ന ആർപ്പുവിളിയുണ്ടായി. അപ്പോൾ ആ കന്യകമാരെല്ലാം ഉണർന്ന് തങ്ങളുടെ വിളക്കുകൾ തെളിച്ചു. വിവേകരഹിതകൾ വിവേകവതികളോടു പറഞ്ഞു: ഞങ്ങളുടെ വിളക്കുകൾ അണഞ്ഞു പോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുക. വിവേകവതികൾ മറുപടി പറഞ്ഞു: ഞങ്ങൾക്കും നിങ്ങൾക്കും കൂടി മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്ത് വിവാഹവിരുന്നിന് അകത്ത് പ്രവേശിച്ചു: വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് മററു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരണമേ എന്ന് അപേക്ഷിച്ചു അവൻ പ്രത്യുത്തരിച്ചു: സത്യമായിഞാൻ നിങ്ങളോടു പറയുന്നു, ഞാൻ നിങ്ങളെ അറിയുന്നില്ല. അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ, ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല''.

## മാർ യാക്കോബിൻെറ ബോവൂസോ.

ഉടയോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ
യാചന കേട്ടിവർത്മാക്കൾ മേൽ കൃപ ചെയ്യണമേ.
മെയ്യിൽ പ്രഭ പൂരിതമായുള്ളൊരു നിക്ഷേപത്തെ
സൂക്ഷിച്ച വിശുദ്ധർ ജ്ഞാനികളാം കന്യകമാർ പോൽ
നിക്ഷേപത്തെ സൂക്ഷിക്കാഞ്ഞൊരു പാപികളവരെ
ഭോഷികളെന്നും നമ്മുടെ നാഥൻ വിളി ചെയ്തല്ലോ
ജ്ഞാനികളായോർ ഭോഷികളവരും നിദ്രയിലാണ്ടു
പുനരുത്ഥാനം വരെ നാമെല്ലാം നിദ്രിതരാകും

എണ്ണ സമാനം പുണ്യ ഫലങ്ങരം തങ്ങടെ മെയ്യിൽ
സൂക്ഷിക്കുന്നോർ ബുദ്ധിയെഴുന്ന കന്യകമാർ പോൽ
സൽഫല രഹിതം ശൂന്യവുമാകും പാത്രങ്ങരം പോൽ
പ്രഭയില്ലാതെ നിൽക്കുന്നു ചിലർ ഭോഷികരം നടുവിൽ
ജ്ഞാനികളായോർ ഇതരർക്കെണ്ണയെ നൽകിയതില്ല
ന്യായാധിപനുടെ സവിധേ അപരർ തുണയേകീടാ
ദ്യുതി സ്നേഹിച്ചൊരു മണവാളൻ തൻ സന്നിധിയിങ്കൽ
മണവാട്ടികരം പോൽ സർവാത്മാക്കളും മേവീടുന്നു
വിധിസമയം സംഭ്രമമുണ്ടാകും സൂക്ഷമതയോടെ
ശോഭ തെളിച്ചോർ പ്രഭയെ ലോകേ തെളിയിക്കുന്നു
ഭോഷികരം തുല്യർ ലജ്ജിതരായി വാതിൽ പുറമെ
ഇരുളിൽ നിൽപ്പൂ, വിരുന്നിനുമന്യർ, ദുരിതമവർക്കായ്
ആ നേരത്തിൽ ധനമധികാരം, ഭംഗിയുമെല്ലാ
സൗന്ദര്യം ഹാ!മഹിമയുമെല്ലാം ലജ്ജയിൽ നിൽപ്പൂ
തൻ രക്തത്താൽ എന്നെ വീണ്ടോൻ സത്യ മണാളാ
നിത്യതയിൽ ഞാൻ നിന്നെക്കാണാൻ അർഹതയേകൂ
നാഥാ, സ്തോത്രം സ്തുതി അങ്ങേക്കായ് അർപ്പി
ക്കുന്നേൻ
പ്രാർത്ഥന കേട്ടെൻ യാചന നൽകി പാലിക്കേണം.

(അല്ലെങ്കിൽ)

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങരം വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്നു ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമെ.

സ്വശരീരങ്ങളിൽ പ്രകാശസമ്പൂർണ്ണമായ നിക്ഷേപത്തെ സൂക്ഷിച്ചവരായ നീതിമാന്മാരുടെ സംഘത്തെ ബുദ്ധിയുള്ള കന്യകമാരെന്നും, തങ്ങളുടേതായ ആ മഹത്വം സൂക്ഷിക്കാതിരുന്ന പാപികളെയും, നീതി രഹിതരെയും ഭോഷികളെന്നും കർത്താവു വിളിച്ചു.

ഭോഷികളും ബുദ്ധിമതികളും ഉറങ്ങി. നിദ്ര ചെയ്യുന്നവരിൽ ചിലർ ബുദ്ധിമതികളുടെ എണ്ണപോലെ പുണ്യപ്രവൃത്തികരം അവരുടെ ശരീരങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു.

ചിലർ, നന്മകാം ഇല്ലാതെ ശൂന്യവും ഒഴിഞ്ഞതുമായ പാത്രങ്ങളായും, പ്രകാശം കെട്ടുപോയും, ലജ്ജിതരായും ഭോഷികളുടെ ഇടയിൽ നിൽക്കുന്നു. ബുദ്ധിമതികാം തങ്ങളുടെ പാത്രങ്ങളിൽനിന്ന് എണ്ണ കൊടുത്തില്ല. എന്തെന്നാൽ, ന്യായാസനത്തിൻ മുൻപിൽതനിക്കുതാനല്ലാതെ മററൊരുവൻ മതിയാകുന്നവനല്ല.

ശോഭയെ സ്നേഹിച്ച മണവാളൻെറ മുൻപിൽ മണവാട്ടികളെപ്പോലെ എല്ലാ ആത്മാക്കളും കാണപ്പെടുന്ന ആ സമയത്ത് വലിയ സംഭ്രമമുണ്ടാകുന്നു. സൂക്ഷമതയോടെ തങ്ങളുടെ ശോഭയെ കാക്കുകയും യോഗ്യരായിരിക്കുകയും ചെയ്തിട്ടുള്ളവർ മുഖ ശോഭയോടെ ലോകത്തിനു അതിനെ കാണിച്ചു കൊടുക്കുകയും ചെയ്യുന്നു.

ഭോഷികളോടു സദൃശ്യരായവർ ലജ്ജിതരായി അന്ധകാരത്തിൽ വാതിലുന്നു പുറത്തു നിലകൊണ്ടു. പ്രകാശപൂർണ്ണമായ വിരുന്നിൽ നിന്നും ഇറങ്ങിപ്പോയ ഭോഷികാം തങ്ങാംക്കു ദുരിതം എന്നു പറയുന്നു.

ആ സമയത്ത് ധനവും, അധികാരവും, അലങ്കാരവും, സൗന്ദര്യവും വിശിഷ്ടമായ സകലത്തിൻെറയും മഹത്വവും, ലജ്ജിച്ചു നിലകൊള്ളുന്നു.

തൻെറ രക്തത്താൽ എന്നെ രക്ഷിച്ച മണവാളാ, ആ സമയത്ത് നിൻെറ രാജ്യത്തിൽ നിന്നെ കാണുവാൻ എനിക്കർഹത നൽകണമെ. കർത്താവേ, നിനക്കു സ്തുതി.

(കർമ്മി: പടിഞ്ഞാറോട്ട് ദർശനമായി ഉപവിഷ്ടനാകുന്നു. നവശിഷ്യകാം മുട്ടിന്മേൽ നില്ക്കുന്നു.)

മേല്പട്ടക്കാരൻ:– വാത്സല്യമുള്ളവരെ, കലപ്പപ്പിടിയിന്മേൽ കൈവച്ചിട്ട് പുറകോട്ട് നോക്കുന്ന യാതൊരുത്തനും സ്വർഗ്ഗ രാജ്യത്തിന് യോഗ്യനല്ലെന്ന് നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹാ വന്ദ്യവും പരിശുദ്ധവുമായ തൻെറ ഏവൻഗേലിയോനിൽ കല്പിച്ചരുളിച്ചെയ്തിരിക്കുന്നുവല്ലോ. ഇപ്പോാം സഹോദരികളേ, നിങ്ങാം ആരുടെ മുമ്പാകെയാണ് നില്ക്കുന്നത് എന്ന് സൂക്ഷിച്ചു കൊള്ളുക. മനുഷ്യ ഹൃദയങ്ങളെ പരിശോധിക്കുന്ന മിശിഹാതമ്പുരാ

ൻെറ മുമ്പാകെ അല്ലാതെ നശ്വരനായ മനുഷ്യൻെറ മുമ്പാകെയല്ല നില്ക്കുന്നത്. പരിശുദ്ധരായ മാലാഖമാരുടെയും സകല സഹോദരീവൃന്ദത്തിൻെറയും വി. മദ്ബഹായുടെയും മുമ്പാകെയാകുന്നു ഈ സമയത്ത് നിങ്ങൾ ഉടമ്പടികളും വാഗ്ദാനങ്ങളും ചെയ്യുന്നത്. ഈ സമൂഹത്തിൽ അന്ത്യം വരെ ജീവിക്കുന്നതിന് സന്നദ്ധരെന്ന് നിങ്ങൾ വാഗ്ദാനം ചെയ്യുന്നുവല്ലോ.

വേദവിപരീതികളിൽ നിന്നും ദുഷ്ട മനുഷ്യർ മൂലം ആകത്ക്കറുസായാൽ നിങ്ങളുടെ മേൽ വന്നുകൂടുന്ന പരീക്ഷകളിൽ നിന്നും സംഭവിക്കുന്ന സകലവും വിശ്വാസത്തോടു കൂടെ സഹിച്ച് പൂർണ്ണരായിരിപ്പാൻ നിങ്ങൾ കടപ്പെട്ടിരിക്കുന്നു. നിങ്ങളെത്തന്നെ ഉപേക്ഷിച്ച് ഭൗമിക അവയവങ്ങളെ നിഗ്രഹിക്കാനായി മിശിഹാതമ്പുരാൻെറ ഇമ്പമുള്ള നുകത്തെ സ്വീകരിച്ചുവല്ലോ. ഇവ നിങ്ങൾ ഓർക്കണം. നിങ്ങളുടെ ഹൃദയത്തിൻെറ ഭിത്തികളിൽ ഇവ എഴുതപ്പെട്ടിരിക്കയും വേണം.

ജ്ഞാനിയാൽ പറയപ്പെട്ട വചനം എന്തെന്നാൽ, ''എൻെറ പുത്രാ! ദൈവത്തിന് ശുശ്രൂഷ ചെയ്യുന്നതിന് അടുത്തു വന്നാൽ സകല പരീക്ഷകൾക്കും നീ നിന്നെത്തന്നെ ഒരുക്കി നിൻെറ ഹൃദയത്തെ ചൊവ്വാക്കി ധൈര്യപ്പെട്ടിരിക്കുക.'' പരീക്ഷകൾ വരുന്ന സമയത്ത് നിങ്ങൾ പരിഭ്രമിക്കാതെ കർത്താവിനോട് പററിച്ചേർന്നിരുന്നുകൊള്ളുക. അവനിൽ നിന്നും അകന്നു പോകരുത്. അവസാനം നിങ്ങൾ കർത്താവിന് വലിയവരായിത്തീരും. അവൻെറ മാർഗ്ഗത്തെ നീങ്ങൾ കാത്തുകൊള്ളുക. സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുവാൻ അവൻ നിങ്ങളെ ഉയർത്തും. താഴ്മയോടും ശാന്തതയോടും ദീർഘക്ഷമയോടും നിങ്ങൾ കാണപ്പെടണം. ഇവയോടുകൂടിയും ഇവയ്ക്കു മുമ്പായിട്ടും സകല പ്രമാണത്തിൻെറയും പൂർണ്ണതയാകുന്ന അനുസരണവും സ്നേഹവും നിങ്ങൾക്കുണ്ടായിരിക്കണം. മിശിഹാതമ്പുരാൻെറ ശിഷ്യസ്ഥാനത്തിന് സ്നേഹത്തിൻെറ കൃപയാൽ സുഗന്ധങ്ങളെന്ന പ്രകാരം അനേകം വിശിഷ്ട ഗുണങ്ങളുമുണ്ടായിരിക്കണം.

‘‘നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുമെങ്കിൽ നിങ്ങളെൻെറ ശിഷ്യന്മാരാകുന്നു എന്ന് എല്ലാവരും ഇതിനാൽ അറിയുമെന്ന്’’ നമ്മുടെ കർത്താവ് അരുളിച്ചെയ്ത് സാക്ഷിച്ചിരിക്കുന്ന പ്രകാരം പൂർണ്ണമായ മാതൃക കാണിപ്പാനായി നിങ്ങൾ പ്രത്യേകം കടപ്പെട്ടിരിക്കുന്നു. ഈ അടിസ്ഥാനത്തിൽ തന്നെ സ്ഥിരപ്പെട്ടിരിക്കയും വേണം. സംഭവിക്കുന്നവ എല്ലാം ക്ഷമയോടുകൂടി നിങ്ങൾ സ്വീകരിക്കണം. എന്തെന്നാൽ, അപ്പസ്തോലൻ സാക്ഷിച്ചിരിക്കുന്നത്, സ്നേഹം സകലവും സഹിക്കുകയുംസകലവും വഹിക്കുകയും ചെയ്യുന്നു എന്നാകുന്നു. കൂടാതെ ദൈവത്തിൻെറ മുമ്പാകെയുള്ള വാഗ്ദാനങ്ങൾ നിങ്ങൾ പാലിക്കണം. സത്യവിശ്വാസവും അനുസരണവും ഉള്ളവരായിരിക്കണം. സത്യമായും നിഷ്ക്കളങ്കമായും അവസാനം വരെ അവയെ കാത്തു കൊള്ളുകയും വേണം. ഇവ കൂടാതെ ദൈവത്തെ ആർക്കും പ്രസാദിപ്പിക്കുക സാദ്ധ്യമല്ല.

കാതോലികവും ശ്ലൈഹികവും ആയ ഏക വിശുദ്ധ സഭയിലെ സകല പിതാക്കന്മാരേയും നമ്മുടെ പരിശുദ്ധ പിതാവായ (ഇന്നാരെയും) ശേഷമുള്ള സകല എപ്പിസ്കോപ്പൻമാരെയും ഭരണ കാര്യത്തെക്കുറിച്ചുള്ള അവരുടെ സകല പ്രബോധനങ്ങളെയും നിങ്ങൾ കൈക്കൊള്ളണം. ദൈവത്തെ പ്രസാദിപ്പിക്കുന്ന നല്ല നടപടികളിൽ വ്യാപരിക്കുവാൻ ദൈവം നിങ്ങൾക്ക് കൃപ നല്കുമാറാകട്ടെ. ദുഷ്ടൻെറ സകല ആക്രമണങ്ങളോടും എതിർത്ത് നിന്ന് ജയം പ്രാപിപ്പാനായി ശക്തിയും ധൈര്യവും ക്ഷമയും അവൻ നിങ്ങൾക്കു നല്കുമാറാകട്ടെ. ആകത്ക്കറുസായുടെ നാശകരങ്ങളായ പ്രവൃത്തികളെ ദൈവം നിങ്ങളിൽനിന്ന് അകററിക്കളയട്ടെ. മിശിഹാ തമ്പുരാൻെറ ശിഷ്യന്മാർക്ക് യോഗ്യമായിരിക്കുന്ന താഴ്മയും അനുസരണവും കർത്താവ് നിങ്ങൾക്ക് നൽകട്ടെ. മനുഷ്യസ്നേഹമുള്ളവനായ കർത്താവ് നാമെല്ലാവരുടെയും കുററങ്ങൾ പരിഹരിച്ച് നമ്മെ പുണ്യമുള്ളവരാക്കട്ടെ. ആയത് തൻെറ കൃപയാലും ബഹുലമായ തൻെറ കരുണയാലും തന്നെ.

ആമ്മീൻ.

## ചോദ്യോത്തരങ്ങൾ:-

(നവശിഷ്യയോടുള്ള ചോദ്യോത്തരങ്ങൾ Pg. 40—43 വരെയുള്ള ഭാഗങ്ങൾ നിത്യവ്രതസ്ഥർക്കും ഉപയോഗിക്കുന്നു.)

മേല്പട്ടക്കാരൻ നവശിഷ്യകളോട്:—

കർത്താവിൽ നമ്മുടെ മക്കളെ, നിങ്ങളുടെ ഹൃദയത്തിന്റെ ചെവിതുറന്ന് നമ്മുടെ കർത്താവിന്റെ തിരുവചനം കേൾക്കുക. നിങ്ങളുടെ ഹൃദയത്തിന്റെ കണ്ണുതുറന്ന് നമ്മുടെ കർത്താവിന്റെ അതി ശ്രേഷ്ടമായ ദൃഷ്ടാന്തം കാണുക.

''ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കരുത്. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കയില്ല''.

(വി.മത്തായി. 6:19–20)

''അപ്രകാരം തന്നെ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാവുക സാധ്യമല്ല''.

(വി.ലൂക്കോസ് 14:33)

''യേശു പറഞ്ഞു: കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുകളുമുണ്ട്; എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല''.

(വി.മത്തായി: 8:20)

''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി—അവന്റെ ദാരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നരാകുവാൻ വേണ്ടിത്തന്നെ''.

(2 കോരി: 8:9)

''ഭൗതികരായി നിങ്ങൾ ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും''.

(റോമർ: 8:13)

''എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കുകയും അവൻെറ ജോലി പൂർത്തിയാക്കയുമാണ് എൻെറ ഭക്ഷണം''.

(വി.യോഹ. 4:34)

അതിനാൽ ഇപ്പോഠം നിങ്ങളോടു ചോദിക്കുന്ന ചോദ്യങ്ങഠംക്ക് ഭയഭക്തിയോടുകൂടി സത്യമായി ഉത്തരം പറയണം.

മേല്പട്ടക്കാരൻ:— മക്കളെ, നിങ്ങഠം വി. മദ്ബഹായുടെ മുമ്പാകെ വന്ന് മുട്ടുകുത്തി നില്ക്കുന്നത് എന്തിന്?

നവശിഷ്യ:— വന്ദ്യപിതാവെ, മിശിഹാതമ്പുരാനെ അനുകരിക്കുന്ന സന്യാസ ജീവിതം നയിക്കുന്നതിനായി (ബഥനി മിശിഹാനുകരണ/മേരിമക്കളുടെ) സന്യാസിനീ സമൂഹത്തിൽ വ്രതം / നിത്യവ്രതം അനുഷ്ഠിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

മേല്പട്ടക്കാരൻ:— സന്യാസ ജീവിതം മാലാഖമാരുടെ ജീവിതമാകുന്നു. അനേക വിശുദ്ധന്മാർ പുണ്യപൂർണ്ണത പ്രാപിച്ചത് ഈ ജീവിതത്തിൽകൂടി ആയിരുന്നു. നമ്മുടെ കർത്താവേശുമിശിഹാ യഥാർത്ഥ സന്യാസ ജീവിതത്തിന് ഉത്തമദൃഷ്ടാന്തവും വഴികാട്ടിയുംഅതിലേക്കു വേണ്ട കൃപാവരം തന്നു നടത്തിക്കുന്ന രക്ഷിതാവും ആകുന്നു. വ്രതസ്ഥയുടെ സന്യാസ വസ്ത്രം ധരിച്ച് നിയമങ്ങഠംക്കു കീഴ്പ്പെട്ടു ജീവിക്കുന്നതിന് നിങ്ങഠം ആഗ്രഹിക്കുന്നുവോ?

നവശിഷ്യ:— ദൈവസഹായത്താൽഞാൻആഗ്രഹിക്കുന്നു.

മേല്പട്ടക്കാരൻ:—നിങ്ങഠം ഒരുനല്ല വേലയെ, അതേ, അനുഗ്രഹിക്കപ്പെട്ടപന്ഥാവിനെതെരഞ്ഞെടുത്തിരിക്കുന്നു. ദൈവത്തിനായി നിങ്ങളെ വ്യയം ചെയ്യുവാനും ദൈവത്തിന് സ്വയം യാഗം അർപ്പിക്കുവാനുമാണ് ഒരുങ്ങുന്നതെന്ന് നിങ്ങഠം അറിയുന്നുണ്ടോ?

നവശിഷ്യ:— ഞാൻ അറിയുന്നുണ്ട്. അതിനായി ആഗ്രഹിച്ചും ഒരുങ്ങിയുമാണ് ഞാൻ വന്നിരിക്കുന്നത്.

മേല്പട്ടക്കാരൻ:— സ്വന്ത മനസ്സോടും നല്ല ആഗ്രഹത്തോടും കൂടിയാണോ വ്രതസ്ഥയാകാൻ നിങ്ങൾ അടുത്തുവരുന്നത് ?

നവശിഷ്യ:— ദൈവസഹായത്താൽ പൂർണ്ണമനസ്സാലെയാണ് ഞാൻ അടുത്തു വരുന്നത്.

മേല്പട്ടക്കാരൻ:— എന്തെങ്കിലും ആവശ്യം നിമിത്തമോ നിർബന്ധം കൊണ്ടോ ആണോ നിങ്ങൾ അടുത്തു വന്നിരിക്കുന്നത്?

നവശിഷ്യ:— വന്ദ്യപിതാവെ, അല്ല.

(ഇതുമുതൽ വ്രതവാഗ്ദാനം വരെയുള്ള ഭാഗങ്ങൾ മേരി മക്കളുടെ സന്യാസ സമൂഹത്തിൽ Pg: 43–45)

മേല്പട്ടക്കാരൻ:— കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട മക്കളേ, നിങ്ങൾ ഒരു നല്ല പങ്കിനെ തെരഞ്ഞെടുത്തിരിക്കുന്നു, നിങ്ങളുടെ തെരഞ്ഞെടുപ്പ് അനുഗൃഹീതമായി ഭവിക്കട്ടെ. ആയുഷ്പര്യന്തം ദൈവസ്നേഹം നിമിത്തം നമ്മുടെ കർത്താവേശുമിശിഹായുടെ കുരിശിനെ സ്നേഹിക്കുകയും വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ ബ്രഹ്മചര്യവും, ദാരിദ്ര്യവും, അനുസരണവും, പാലിക്കുന്നതിന് നിങ്ങൾ ഉറച്ചിട്ടുണ്ടോ?

നവശിഷ്യ:- അങ്ങനെ ഞാൻ ഉറച്ചിരിക്കുന്നു. അതിനായി പ്രതിജ്ഞ ചെയ്യുവാൻ ഞാൻ ഒരുങ്ങി വന്നിരിക്കുന്നു.

മേല്പട്ടക്കാരൻ:_ കർത്താവിൻെറ വാത്സല്യ ഭാജനങ്ങളെ ഈ ആഗ്രഹവും ഒരുക്കവും നിങ്ങൾക്കു തന്ന് നിങ്ങളെ ഇതിലേക്ക് വിളിച്ചിട്ടുള്ളത് ദൈവത്തിൻെറ പരിശുദ്ധാത്മാവാണ്. നിങ്ങൾക്കുവേണ്ട കൃപതന്ന് വാത്സല്യപൂർവ്വം ദൈവം നിങ്ങളെ നടത്തിക്കൊള്ളട്ടെ.

മദർ ജനറൽ (പ്രതിനിധി) ചോദിക്കുന്നു.

പ്രിയസഹോദരികളെ, ഇപ്പോൾ മുതൽ (ഒരു സംവത്സരക്കാലത്തേയ്ക്ക്, രണ്ടു വർഷത്തേക്ക്, മൂന്നുവർഷത്തേയ്ക്ക്/ആയുഷ്പര്യന്തം) വിശുദ്ധ ബ്രഹ്

മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് ബഥനി സന്യാസിനീ സമൂഹത്തിൽ ജീവിച്ച് സന്യാസപരമായ നിഷ്ഠകൾക്കുള്ള ചുമതലകൾ വി. നിയമാനുസരണം നിർവ്വഹിക്കുന്നതിനു് നിങ്ങൾക്ക് ഒരുക്കമുണ്ടോ?

നവശിഷ്യ:— ബഹുമാനപ്പെട്ട മദറേ, സ്വന്ത ഇഷ്ടത്താലെയും സ്വമനസ്സാലെയും സാമാന്യ/നിത്യവ്രത വാഗ്ദാനം ചെയ്യുവാൻ എനിക്കു സമ്മതമാണ്. ഈ സമ്മതം ഇപ്രകാരം ഞാൻ പ്രകടിപ്പിക്കുന്നു -

........................ ആയ ഞാൻ/ ദൈവമഹത്വത്തിനും/ എന്നെത്തന്നെ സമ്പൂർണ്ണമായി ക്രിസ്തുവിന് പ്രതിഷ്ഠിക്കുന്നതിനും / എന്റെ ജീവിതത്തിൽ അവിടുത്തെ ഏററം അടുത്ത് അനുഗമിക്കുന്നതിനുമുള്ള ദൃഢമായ നിശ്ചയത്താൽ പ്രേരിതയായി / മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ മദർ ജനറലിന്റെ മുമ്പാകെ / ഈ സമൂഹനിയമപ്രകാരമുള്ള/ ബ്രഹ്മചര്യം /ദാരിദ്ര്യം / അനുസരണം / എന്നീ സാമാന്യവ്രതങ്ങൾ / ഒരു വർഷത്തേക്ക്, (രണ്ടുവർഷത്തേക്ക്, മൂന്നു വർഷത്തേക്ക്/ ആയുഷ്പര്യന്തം) സർവ്വശക്തനായദൈവമേ / അങ്ങയോടു വാഗ്ദാനം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും /വാഴ്ത്തപ്പെട്ട കന്യകാമറിയാമിന്റെ സഹായത്താലും/ ദൈവത്തിനും തിരുസഭയ്ക്കും സേവനം ചെയ്തുകൊണ്ട് / സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നതിന് / ഞാൻ എന്നെത്തന്നെ / ഈ സമൂഹത്തിന് പൂർണ്ണമായി സമർപ്പിച്ചുകൊള്ളുന്നു.

## മേരിമക്കളുടെ സന്യാസ സമൂഹത്തിൽ വ്രതവാഗ്ദാനം

(താല്ക്കാലിക വൃതം)

**മേൽപ്പട്ടക്കാരൻ:** കർത്താവിൽ അനുഗ്രഹിക്കപ്പെട്ട മക്കളേ, നിങ്ങൾ ഒരു നല്ല പങ്കിനെ തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങളുടെ തെരഞ്ഞെടുപ്പ് അനുഗ്രഹീതമായി ഭവിക്കട്ടെ! ഇപ്പോൾ മുതൽ ഒരു സംവത്സരക്കാലത്തേ

ക്ക് ദൈവസ്നേഹം നിമിത്തം വി. ദാരിദ്ര്യം, ബ്രഹ്മച ര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് മേരി മക്കളുടെ സന്യാസിനീ സമൂഹത്തിൽ ജീവിച്ച്, സന്യു സപരമായ നിഷ്ഠകൾക്കുള്ള ചുമതലകൾ വി:നിയമാനാ സരണം നിർവഹിക്കുന്നതിന് നിങ്ങൾക്ക് ഒരുക്കമു ണ്ടോ?

നവശിഷ്യ: ദൈവസഹായത്താൽ ഞാൻ അതിന് ഒരു ങ്ങിയിരിക്കുന്നു.

മേൽപ്പട്ടക്കാരൻ: പ്രതിജ്ഞ ചെയ്തു കൊള്ളുക

വ്രതവാചകം.

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമി ശിഹായുടെ നാമത്തിൽ ആമ്മീൻ

(പേര്) ആയ ഞാൻ / സർവ്വശക്തനായ ദൈവ ത്തോടും / പരിശുദ്ധ കന്യകമറിയത്തോടും / വിശുദ്ധ ഫ്രാൻസിസ് അസീസിയോടും / ഞങ്ങളുടെ സുപ്പീരിയർ ജനറൽ (പേര് /പ്രതിനിധി) ആയ അങ്ങയോടും / ഞങ്ങളു ടെ രൂപതാദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ / മേരിമക്ക ളുടെ സന്യാസ സഭാ നിയമമനുസരിച്ച് / ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ / ഒരുവർഷ ത്തേക്ക് (ആയുഷ്പര്യന്തം) പാലിച്ചുകൊള്ളാമെന്ന് പ്രതി ജ്ഞയും, വാഗ്ദാനവും ചെയ്തുകൊള്ളുന്നു.

(നിത്യവ്രതം)

മേല്പട്ടക്കാരൻ: കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട സ ഹോദരികളെ, നിങ്ങൾ ഒരു നല്ല പങ്കിനെ തെരഞ്ഞെ ടുത്തിരിക്കുന്നു. നിങ്ങളുടെ തെരഞ്ഞെടുപ്പ് അനുഗ്രഹീ തമായി ഭവിക്കട്ടെ. ആയുഷ്പര്യന്തം ദൈവസ്നേഹം നിമിത്തം നമ്മുടെ കർത്താവേശുമിശിഹായുടെ കുരിശി നെ സ്നേഹിക്കുകയും വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ ദാരിദ്ര്യവും, ബ്രഹ്മചര്യവും, അനുസരണവും പാലിക്കുന്നതിന് നിങ്ങൾ ഉറച്ചിട്ടുണ്ടോ.

വ്രതസ്ഥ: അങ്ങനെ ഞാൻ ഉറച്ചിരിക്കുന്നു. അതിനായി പ്രതിജ്ഞ ചെയ്യുവാൻ ഞാൻ ഒരുങ്ങിവന്നിരി ക്കുന്നു.

മേല്പട്ടക്കാരൻ: കർത്താവിൻെറ വാത്സല്യ ഭാജന ങ്ങളെ, ഈ ആഗ്രഹവും, ഒരുക്കവും നിങ്ങാക്കുതന്ന് ഇതിലേക്കു നിങ്ങളെ വിളിച്ചിട്ടുള്ളത് പരിശുദ്ധ റൂഹാ യാകുന്നു. നിങ്ങാക്കു വേണ്ട കൃപതന്ന് വാത്സല്യ പൂർവം ദൈവം നിങ്ങളെ നടത്തിക്കൊള്ളട്ടെ! ഇപ്പോാ ദൈവമുമ്പാകെയും, ദൈവമാതാവിൻെറയും, സകല വി ശുദ്ധന്മാരുടെയും മുമ്പാകെയും, വിശുദ്ധ സഭയുടെ യും വി: രഹസ്യങ്ങളുടെയും മുമ്പാകെയും പ്രതിജ്ഞകാ ചെയ്തുകൊള്ളുക.

പ്രതിജ്ഞ

പ്രതവാചകം. Pg. 44

(തദനന്തരം പ്രതിജ്ഞാപത്രത്തിൽ കുരിശടയാളം വരയ്ക്ക ത്തക്കവണ്ണം നാലു കുത്തിടണം. കുമ്പിട്ടശേഷം കുരിശടയാളങ്ങാ പൂർത്തിയാക്കി പ്രതിജ്ഞയ്ക്ക് ഉറപ്പു വരുത്തുന്നു. എല്ലാവരും പ്രതിജ്ഞ ചെയ്ത്കഴിയുമ്പോാ കാർമ്മികൻ കിഴക്കോട്ട് തിരിഞ്ഞ് )

## പ്രാർത്ഥന

തൻെറ മഹത്വത്തിന് ഉപകരണങ്ങളായി ഞങ്ങളെ സൃഷ്ടിക്കുകയും അവർണ്ണനീയമായ തൻെറ ജ്ഞാന ത്താൽ തൻെറ ബഹുമാനത്തിനും മഹത്വത്തിനുമായി ഞങ്ങളെ നിയോഗിക്കുകയും ചെയ്ത സ്രഷ്ടാവിന് ബ്രഹ്മചര്യവും ദൈവസ്നേഹവുമുള്ളആത്മാക്കാ നിരന്തരമായ സ്തുതിയും സ്തോത്രവും അർപ്പിക്കു മാറാകട്ടെ. മഹത്വമുള്ളതും ബോധംകൊണ്ട് സങ്കല്പി ക്കുവാൻപാടില്ലാത്തതുംവിസ്മയനീയവുമായ പ്രവൃ ത്തികളാൽ ഞങ്ങാ ശ്രേഷ്ഠരായിത്തീരുവാനായിട്ടല്ലാ തെ ഞങ്ങളിൽനിന്ന് സ്തുതി നിനക്ക് ആവശ്യമില്ല. ഞങ്ങാ നിനക്കും നിൻെറ ഏകജാതനും, പരിശുദ് ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർ പ്പിക്കും.

മേല്പട്ടക്കാരൻ തദനന്തരം മുദ്രകുത്തുന്നു.

ܡܬܪܫܡܐ (ܦܠܢܝܬܐ) ܠܡܗܘܐ ܝܪܬܬܐ
ܒܗܝܟܠܐ ܩܕܝܫܐ ܕܐܠܗܐ: ܒܫܡ ܐܒܐ ܘܒܪܐ
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ܠܚܝܐ
ܕܠܥܠܡ ܥܠܡܝܢ܀

( പരിഭാഷ )

ദൈവത്തിൻെറ പരിശുദ്ധമായ ആലയിൽ അവകാശിനിയായിരിക്കുവാൻ പിതാവിൻെറയും, പുത്രൻെറയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവന്നായി ( പേരു ) മുദ്രകുത്തപ്പെടുന്നു.

## പ്രാർത്ഥന

കർത്താവെ, നിൻെറ തിരുമുമ്പാകെ കഴുത്തു കുനിച്ച് സ്വർഗ്ഗീയ മണവാളനായ നിനക്കു തന്നെത്തന്നെ ഭരമേല്പിച്ചിരിക്കുന്ന നിൻെറ ഈ ദാസികളെ കാത്തുകൊള്ളണമെ. കർത്താവെ, നിന്നിൽനിന്നുള്ള നിരപ്പും സമാധാനവും യോജിപ്പും ഇവർക്കു നല്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, മാഞ്ഞുപോകാത്തതും അഴിഞ്ഞുപോകാത്തതുമായ നിൻെറ ജീവൻെറ ഉറവയാൽ ഇവരെ സന്തോഷിപ്പിക്കണമെ.

ഓരോരുത്തരായി മേല്പട്ടക്കാരൻെറ മുമ്പിൽ മുട്ടുകുത്തുന്നു. വ്രതസ്ഥ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിയശേഷം കത്രിക മേൽപ്പട്ടക്കാരൻെറ കയ്യിൽ കൊടുക്കുന്നു.

" ദൈവത്തിങ്കലേക്കടുത്തു വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ ശരണമായ കർത്താവേ, നിൻെറ നാമം എനിക്കു നല്ലതാകുന്നു. നിൻെറ വിസ്മയകാര്യങ്ങളെല്ലാം ഞാൻ അറിയിക്കും."

മേൽപ്പട്ടക്കാരൻ പട്ടം വെട്ടുന്നു.

ജഡസംബന്ധമായ എല്ലാ വ്യാപാരങ്ങളെയും നിൻെറ മനസ്സിൽ നിന്ന് ത്യജിക്കുന്നതിനെയും, സന്യാസപരമായ വിശുദ്ധ നിഷ്ഠാ ജീവിതം പ്രാപിക്കുന്നതിനെയും സൂചിപ്പിക്കുവാൻ ഈ മുടിഛേദനം വഴി പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ( ഇന്നാർ) സന്യാസപട്ടം വെട്ടപ്പെടുന്നു.

## പ്രാർത്ഥന

സത്യമുള്ള ശ്രേഷ്ഠനും നീതിയുടെ മല്പാനും സ്വദാസികളുടെ ശരണവും ആരാധകരുടെ പ്രത്യാശയും ആയ ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ, നശ്വരമായ ഈ ലോകത്തിൻെറ ഇടർച്ചകളിൽ നിന്നും ഓടിഒളിച്ചിട്ടുള്ള ഈ ദാസികൾക്കു ശ്രേഷ്ഠനും മല്പാനും ഭരണകർത്താവും നീ തന്നെ ആയിരിക്കണമെ.

ബഹുമാന്യമായ നിൻെറ സ്ളീബായുടെ അടയാളത്തെ ഇവരുടെ കഴുത്തുകളിൽ വഹിക്കുന്നതിന് പ്രാപ്തരാകുന്നതിനായി നിന്നെക്കുറിച്ചുള്ള ദൈവികഭക്തിയാൽ ഇവരെ ജ്ഞാനമുള്ളവരാക്കണമെ. ഇവർ താഴ്മയുടെ അടയാളം സ്വീകരിക്കുകയും ഇവരുടെ ആയുഷ്ക്കാലം മുഴുവനും നിനക്കു സത്യമുള്ള ശിഷ്യകളായിത്തീരുകയും ചെയ്യണമെ. നിൻെറ തിരുവിഷ്ടം പ്രവർത്തിപ്പാൻ ഇവരെ പഠിപ്പിക്കണമെ. നിൻെറ വിശുദ്ധറൂഹായുടെ അച്ചാരം ഇവർക്കു നല്കണമെ. ഇവരുടെ ആയുഷ്ക്കാലം മുഴുവനും വിശിഷ്ടകാര്യങ്ങളാൽ അലംകൃതമായ വസ്ത്രം ഇവരെ ധരിപ്പിക്കണമെ. ഇവർ നിനക്കും നിൻെറ പിതാവിനും പ. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുമാറാകണമെ.

*(തദനന്തരം സന്യാസവസ്ത്രങ്ങൾ വാഴ്ത്തിക്കൊടുക്കുന്നു.)

## പ്രാർത്ഥന

പുണ്യപ്രവൃത്തികളാലും മാലാഖമാർക്കു ചേർന്ന ജീവിതക്രമത്താലും ഇവരുടെ സന്യാസജീവിതമാകുന്ന

---

* നിത്യവ്രതസ്ഥർക്കു കുബ്ഊനോ മുതലുള്ള സന്യാസ വസ്ത്രങ്ങൾ മാത്രം വാഴ്ത്തി കൊടുക്കുന്നു. (Pg. 49)

ഓട്ടത്തെ പൂർണ്ണമായി നിറവേററുന്നതിനു് ഇവരെ അനുഗ്രഹിക്കണമെ.

നിൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കു വാഗ്ദാനം ചെയ്തിട്ടുള്ള നാശരഹിതമായ പ്രശോഭിത നിലയങ്കി ധരിക്കുന്നതിനും നിന്നിൽനിന്നുള്ള യോഗ്യതകൾ പ്രാപിക്കുന്നതിനും ഇവരെ യോഗ്യരാക്കണമെ.

## നിലയങ്കി വാഴ്ത്തുമ്പോൾ:-

സന്യാസവസ്ത്രമാകുന്ന സന്തോഷത്തിൻെറയും രക്ഷയുടെയും നിലയങ്കി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ വാഴ്ത്തപ്പെടുന്നു.

## നിലയങ്കി നല്കിക്കൊണ്ടു്:-

വഞ്ചനയുടെ മോഹത്താൽ നശിച്ചുപോകുന്ന പഴയ മനുഷ്യനെ കർത്താവു നിന്നിൽനിന്നു് നീക്കികളയുമാറാകട്ടെ. സന്തോഷത്തിൻെറയും രക്ഷയുടെയും നിലയങ്കി അവൻ നിന്നെ ധരിപ്പിക്കുമാറാകട്ടെ: ബഹുലമായ തൻെറ കൃപയാലും കരുണയാലും തൻെറ മഹത്വത്തിൻെറ പ്രഭയാൽ നിന്നെ അലങ്കരിക്കുമാറാകട്ടെ.

## അരക്കെട്ടു വാഴ്ത്തുമ്പോൾ

ദൈവമായ കർത്താവെ, പുണ്യജീവിതത്തിനുള്ള നിഷ്ഠയും വിശ്വാസവും ഇവർക്കു് അരക്കെട്ടായി നല്കണമെ. ആത്മാവിൽ ഉണർവ്വോടുകൂടി, സ്വർഗ്ഗീയമണവാളനായ മിശിഹാതമ്പുരാനെ, നിനക്കു് പരിപൂർണ്ണമായ ശുശ്രൂഷ ചെയ്വാൻ ഇവരെ സന്നദ്ധരാക്കി ശക്തിപ്പെടുത്തണമെ.

## അരക്കെട്ടു് നല്കിക്കൊണ്ടു്:-

നിന്ദ്യമായ സകല ജഡമോഹങ്ങൾക്കും എതിരായി പുണ്യവും വിശ്വാസവുമാകുന്ന അരക്കെട്ടു് നീ ധരിച്ചുകൊള്ളുക.

## ഒപ്പീസാ വാഴ്ത്തുമ്പോൾ:-

കർത്താവെ, സുകൃത നടപടികളാൽ നിന്നെ പ്രീതിപ്പെടുത്തുവാൻ തക്കവണ്ണം നിൻെറ പരിശുദ്ധ റൂഹായു

ടെ ശക്തിയാൽ മഹത്വത്തിന്റെ വിരിവസ്ത്രമായി ഈ ഒപ്പീസായെ ആശീർവദിക്കണമെ.

## ഒപ്പീസാ നല്കിക്കൊണ്ട്:-

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ രക്ഷയുടെ വസ്ത്രമായിട്ടും പുണ്യത്തിന്റെ വിരിവസ്ത്രമായിട്ടും ഈ ഒപ്പീസാ നീ ധരിച്ചുകൊള്ളുക.

## കുബ്ഊനോ വാഴ്ത്തുമ്പോൾ:- (നിത്യവ്രതസ്ഥർക്കും)

മഹോന്നതങ്ങളിൽ നിന്ന് ഇറങ്ങിവന്ന സർവശക്തനായുള്ളോവേ, നിന്റെ താഴ്മയുടെ പ്രതിരൂപമായി മുൾക്കിരീടത്തെ നീ സ്വീകരിച്ചുവല്ലോ. ക്ഷയിച്ചുപോകാത്ത സൽപ്രവൃത്തികളുടെ കിരീടം – അതായത്, താഴ്മയോടുകൂടിയ പുണ്യജീവിതം– ഈ ദാസികളെ ധരിപ്പിക്കണമെ. ശത്രുക്കളാകുന്ന മ്ലേച്ഛാത്മാക്കൾ ലജ്ജിച്ചുപോകുവാൻ തക്കവണ്ണം രക്ഷയുടെ ശിരോവസ്ത്രവും വിജയത്തിന്റെ പരിചയും ഇവർക്കു നല്കണമേ.

## കുബ്ഊനോ നല്കിക്കൊണ്ട്:-

പരീക്ഷയിൽനിന്നും നിന്നെ കാത്തുകൊള്ളുന്നതിനുള്ള രക്ഷയുടെ ശിരോവസ്ത്രമായും പുണ്യജീവിതത്തിനെതിരായി യുദ്ധം ചെയ്യുന്ന സാത്താനെ ലജ്ജിപ്പിക്കുന്നതിനുള്ള പരിചയായും ഈ കുബ്ഊനോ നിന്റെ ശിരസ്സിൽ ധരിച്ചുകൊള്ളുക.

## ദീദാ വാഴ്ത്തുമ്പോൾ:-

ദൈവമായ കർത്താവേ, നിന്റെ വിശുദ്ധ ന്യായപ്രമാണങ്ങളെ ധ്യാനിക്കുന്നതിനുള്ള ഏകാഗ്രബുദ്ധി ഇവർക്ക് സമൃദ്ധിയായി കൊടുക്കണമെ. നിന്റെ കല്പനകളും നിന്റെ സ്നേഹവ്യാപാരവും തിരുവിഷ്ടവും ഇവർക്ക് ചിന്താവിഷയമായിരിപ്പാൻ ഇവരെ അനുഗ്രഹിക്കണമെ. സകല കല്പനലംഘനങ്ങളേയും ഇവരിൽനിന്നും നീക്കിക്കളയണമെ. ലൌകിക വികാരങ്ങളാകുന്ന ഭാരമുള്ള ചുമടുകൾ ഇവരുടെ ബുദ്ധിയിൽനിന്ന് മാററണമെ. നിന്റെ ദിവ്യസ്നേഹ സംസർഗ്ഗത്തിൽ ഇവരുടെ മനസ്സ് സദാ വ്യാപരിപ്പാൻ തക്കവണ്ണം ഇവരെ ബന്ധിച്ചുകൊള്ളണമെ. പിതാവും പുത്രനും പരി

ശുദ്ധാത്മാവുമേ, ഇവരെ നിൻെറ വിശുദ്ധന്മാർക്ക് അനുരൂപരാക്കിത്തീർക്കുകയും ചെയ്യണമെ.

## ദീദാ നല്കിക്കൊണ്ട്:-

പുണ്യത്തിൻെറയും പരിപാകതയുടെയും അടക്ക മൊതുക്കത്തിൻെറയും പ്രശാന്തതയുടെയും വിശുദ്ധിയു ടെയും എല്ലാ സുകൃത വ്യാപാരങ്ങളുടെയും വിരിവസ്ത്ര മായി നിയോഗങ്ങളുടെ പരിശുദ്ധതയ്ക്കും മാലാഖമാർ ക്ക് അനുരൂപമായ ജീവിതത്തിൻെറ സൂക്ഷിപ്പിനുമായി ഈ ദീദായെ നീ ധരിച്ചുകൊള്ളുക.

(തദനന്തരം നവവ്രതസ്ഥർ പോയി സന്യാസവസ്ത്രങ്ങൾ അ ണിഞ്ഞ് തിരികെ പള്ളിയിൽ വരുന്നതുവരെ ഉചിതമായ ഗാനങ്ങൾ ആലപിക്കുന്നു. തിരികെ വന്നുകഴിഞ്ഞാലുടനെ കുരിശുവാഴ് ത്തുന്നു:)

## കഴുത്തിൽ ധരിക്കുവാനുള്ള കുരിശു വാഴ്ത്തുമ്പോൾ:-

ദൈവപുത്രൻെറ സ്ളീബാ നിനക്കു കാവലായി രിക്കട്ടെ. ആ സ്ളീബാ പൈശാചിക ശക്തികളോട് യുദ്ധം ചെയ്വാൻ നിനക്കു തോററുപോകാത്ത ആയുധ മായിരിക്കട്ടെ. ശത്രുവിൻെറ ശക്തിയേയും മത്സര ബുദ്ധികളായ ആത്മാക്കളേയും ജയിക്കുവാൻ നിന്നെ ശക്തിപ്പെടുത്തുന്ന ആയുധമായും ദൈവപുത്രൻെറ സ് ളീബാ നിനക്കായിരിക്കട്ടെ. 'എൻെറ നുകം ലഘുവും എൻെറ ചുമട് ആനന്ദകരവുമാകുന്നു' എന്ന് അരുളിച്ചെ യ്തിട്ടുള്ള നമ്മുടെ കർത്താവിൻെറ തിരുവിഷ്ടത്തെ എല്ലാ കാര്യങ്ങളിലും സദാ സ്നേഹത്തോടും സ്വയത്യാ ഗത്തോടും കൂടി അനുഷ്ഠിപ്പാനായി അനുസരണപരമാ യി ഈ കുരിശിനെ നുകമായി കഴുത്തിൽ ധരിച്ച് ബഹു മാനിച്ചുകൊള്ളുക.

## കുരിശു ധരിപ്പിക്കുമ്പോൾ:-

സന്യാസ ജീവിതത്തിൻെറയും പ്രത്യേകിച്ച് അനു സരണത്തിൻെറയും ചിഹ്നമായി ഈ കുരിശ് നിൻെറ കഴുത്തിൽ ധരിച്ചുകൊള്ളുക.

(മേൽപ്പട്ടക്കാരൻ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി കൊടുക്കുന്നു )

ദൈവമായ കർത്താവേ, നിൻെറ പറുദീസായിൽ ചേർത്തുകൊള്ളുവാൻ എന്നെ കൈക്കൊണ്ടതിനായി നിനക്കു സ്തോത്രം.

നവശിഷ്യകൾ ഏററുചൊല്ലിക്കൊണ്ട് കുരിശുവരച്ച് മദ്ബഹായുടെ മുമ്പാകെ കുമ്പിടുന്നു.

വീണ്ടും മേൽപ്പട്ടക്കാരൻ: "എന്നെ കൈക്കൊണ്ടതിനായുള്ള എൻെറ കൃതജ്ഞത സ്വീകരിക്കണമെ"

(ഏററുചൊല്ലിക്കൊണ്ട് നവശിഷ്യകൾ പടിഞ്ഞാറും, വടക്ക്, തെക്ക് ഭാഗങ്ങളിലേക്കും തിരിഞ്ഞ് കുമ്പിടുന്നു.)

## വലിയ കുരിശു കൊടുക്കുന്നു.

'എൻെറ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നവൻ ദിനംപ്രതി തൻെറ കുരിശുവഹിച്ചുകൊണ്ട് എൻെറ പിന്നാലെ വരട്ടെ' എന്ന് അരുളിച്ചെയ്തിട്ടുള്ള നമ്മുടെ കർത്താവിൻെറ ആനന്ദപ്രദമായ കല്പന നീ ശിരസ്സാ വഹിച്ചുകൊള്ളുക. അതു നിറവേററുവാൻ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

വ്രതസ്ഥയെ സ്ളീബാകൊണ്ട് മുദ്രകുത്തുന്നു

കർത്താവു തൻെറ സ്ളീബാകൊണ്ട് നിന്നെ മുദ്രകുത്തട്ടെ. തൻെറ റുശ്മായാൽ നിന്നെ റുശ്മാ കുത്തട്ടെ. തൻെറ വിശുദ്ധ മുദ്ര നിൻെറമേൽ അടയാളപ്പെടുത്തട്ടെ. (ബഥനി മിശിഹാനുകരണ / മേരീമക്കളുടെ) സന്യാസിനി സഭയാകുന്ന ആട്ടിൻകൂട്ടത്തിൽ നിന്നെ ഉൾപ്പെടുത്തട്ടെ. ആയതു നമ്മുടെ കർത്താവും എന്നേക്കും നമ്മുടെ ദൈവവുമായ മിശിഹാതമ്പുരാനെ നീ സ്തുതിച്ചു മഹത്വപ്പെടുത്തുവാനായിട്ടുതന്നെ.

## കത്തിച്ചമെഴുകുതിരി കൊടുക്കുമ്പോൾ:-

ദൈവമായ കർത്താവേ, തങ്ങളുടെ വിളക്കുകൾ കെട്ടുപോകാതിരുന്നിട്ടുള്ള ബുദ്ധിയുള്ള കന്യകമാരോടുകൂ

ടെ നിൻെറ ശു്രൂഷയ്ക്കു എപ്പോഴും ഒരുക്കമുള്ളവളായി ഇവളും നിൻെറ എഴുന്നെള്ളത്തിൽ എപ്പോഴും കാണപ്പെടുമാറാകട്ടെ.

### ഹൂത്തോമ്മോ

ദൈവമായ കർത്താവേ! കാരുണ്യവാനായ നിന്നോടു ഞങ്ങരം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. ഈ നിൻെറ ദാസർ തിരുമുമ്പാകെ ചെയ്തിട്ടുള്ള സന്യാസ പ്രതിജ്ഞയെ കാപട്യം കൂടാതെ പാലിക്കുവാൻ നീ ഇവരെ സഹായിക്കണമെ.

ലോത്തിൻെറ ഭാര്യയെപ്പോലെ പുറകോട്ടു തിരിയുവാൻ ഇടയാകാതെ ഇവരെ നീ കാത്തുകൊള്ളണമെ. ഇവർ നിന്നിൽ മാത്രം ജീവിക്കുകയും ഇവരുടെ ദൃഷ്ടി നിന്നിൽ മാത്രം പതിക്കുകയും ചെയ്യുമാറാകണമെ. ഇവർ ഇടവിടാതെയും ലജ്ജകൂടാതെയും നിൻെറ സവിധത്തിൽ നില്ക്കുവാൻ തക്കവണ്ണം ഇവരെ കാത്തുകൊള്ളുകയും ചെയ്യണമെ. സ്വർഗ്ഗീയ ഭാഗ്യങ്ങരംക്കും ശാശ്വതമായ സൌഭാഗ്യങ്ങരംക്കും അക്ഷയമായ മണവറയ്ക്കും, ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ നിൻെറ ഏകപുത്രൻെറ കരുണയാലും മനുഷ്യസ്നേഹത്താലും ഇവർ അർഹരാകണമെ — അവനോടുകൂടി നിനക്കും പരിശുദ്ധാത്മാവിനും മഹത്വവും സ്തോത്രവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ

മേല്പ്പട്ടക്കാരൻ വി. കുർബാന പൂർത്തിയാകുമ്പോരം നവവ്രതസ്ഥർ മേൽപ്പട്ടക്കാരൻെറ സ്ളീബാ മുത്തി, കത്തിച്ച തിരികളുമായി ''പറുദൈസാ'' എന്ന ഗീതം ആലപിച്ചുകൊണ്ട് പള്ളിയിൽ നിന്നും പോകുന്നു.

പറുദൈസാ തന്നെ വിശുദ്ധർ പാർപ്പിടം
പറുദൈസാ തന്നെ നയവാന്മാർ ദയറാ—
പറുദൈസാ തന്നെ ഒനുവായോർ ഭവനം
പറുദൈസാ തന്നെ വാടാത്ത ജീവൻ
പറുദൈസാ തന്നെ അക്ഷയമണവറ
അവകാശിയാകും അവൻ തന്നെ ധന്യൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

*****

CT Library
00096766
F98 SA58

BK